# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 സെപ്റ്റംബർ 18 | ദീപം 58 | നാളം 28 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## പിയേർ ജോർജിയോ ഫ്രസാത്തിയും കാർലോ അക്വിത്തിസും വിശുദ്ധർ



വാർത്ത പേജ് – 15

## ക്രിസ്ത്യൻ അധ്യാപകരോട് എന്തിനീ ചിറ്റമ്മനയം ?

പേജ് – 2



മാർ ജോസഫ് കല്ലറങ്ങാട്ട്

(പാലാ രൂപത മെത്രാൻ, സീറോ മലബാർ വിദ്യാഭ്യാസകമ്മീഷൻ കൺവീനർ, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതി രക്ഷാധികാരി)

ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട് കേരളസർക്കാർ സ്വീകരിച്ചിരിക്കുന്ന ഇരട്ടത്താപ്പുനയമാണ് എയ്ഡഡ് കത്തോലിക്കാവിദ്യാലയങ്ങളുടെയും അധ്യാപകരുടെയും അവരുടെ കുടുംബങ്ങളുടെയും നിലനില്പിനെ ബാധിക്കുന്ന സ്ഥിതിയിലെത്തിച്ചിരിക്കുന്നത്. 2018 മുതൽ സ്ഥിര നിയമനാംഗീകാരമില്ലാതെ ആയിരക്കണക്കിന് അധ്യാപകർ ക്രിസ്ത്യൻ സ്കൂളുകളിൽ ജോലി ചെയ്യുമ്പോൾ നായർ സർവീസ് സൊസൈറ്റി / ഗവ. സ്കൂളുകളിലെ അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുന്നു! എൻഎസ്എസ് കോടതിയുത്തരവ് നേടിയെന്നും ക്രൈസ്തവസഭകൾ കോടതിയിൽ പോയി അനുകൂലഉത്തരവ് വാങ്ങിയാൽ നീതി നടത്തിത്തരാമെന്നുമാണ് സർക്കാർ വ്യാഖ്യാനം.



# ഇതു പൊലീസോ ഗുണ്ടകളോ?




**ജോർജ് പുല്ലാട്ട്**

നട്ടെല്ലിലൂടെ ഇടിമിന്നൽ പായുന്നതുപോലൊരു ആധിയോടെയാണ് ഞാൻ ആ ദൃശ്യം അല്പനേരം നോക്കിയത്. യാതൊരു തെറ്റും ചെയ്യാത്ത പൂജാരിയായ ഒരു യുവാവിനെ കുന്നംകുളം പൊലീസ് സ്റ്റേഷനിലെ കാക്കിയിട്ട കാട്ടാളന്മാർ ചവിട്ടിക്കൂട്ടുന്ന ദൃശ്യം! യാതൊരു തെറ്റും ചെയ്യാത്ത എന്നു പറഞ്ഞുകൂടാ, 'നിങ്ങളെന്തിനാ സാറമ്മാരേ ആ പിള്ളേരെ തെറി പറയുന്നത്' എന്നു സുജിത് ചോദിച്ചത്, പൊലീസിന്റെ കണ്ണിൽ ഗുരുതരമായ കുറ്റമാണ്. 'നീയാരാടാ അതു ചോദിക്കാൻ' എന്നായിരുന്നു പൊലീസിന്റെ പ്രതികരണം.

ദിവസവും ഞെട്ടലോടെ കേൾക്കുന്ന പൊലീസ് മർദനത്തിന്റെ അഥവാ പീഡനത്തിന്റെ വാർത്തകൾ വിളിച്ചുപറയുന്ന രണ്ടു കാര്യങ്ങളുണ്ട്: ഒന്ന്, പൊലീസിന്റെ യഥാർഥജോലി എന്താണെന്ന് ഇവിടത്തെ പൊലീസുകാർ പഠിച്ചിട്ടില്ല, പഠിപ്പിക്കേണ്ടവർ പഠിപ്പിച്ചിട്ടുമില്ല. രണ്ട്, നല്ലൊരു ശതമാനം പൊലീസുകാരും സർക്കാരിന്റെ ക്വട്ടേഷൻഗുണ്ടകളാണ്.

എന്താണ് പൊലീസിന്റെ ഡ്യൂട്ടി? കേരള പൊലീസ് ആക്ട് പ്രകാരം, ക്രമസമാധാനം പാലിക്കുക, കുറ്റകൃത്യങ്ങൾ തടയുക, കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരിക, ജനങ്ങളുടെ ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും അന്തസ്സിനും സംരക്ഷണം നൽകുക, പക്ഷഭേദമില്ലാതെ നിയമം നടപ്പാക്കുക എന്നിവയാണ് പൊലീസിന്റെ പ്രാഥമികജോലികൾ. ട്രാഫിക്നിയന്ത്രണം, പ്രകൃതിക്ഷോഭം, അപകടം, ആഘോഷം, കലാപം തുടങ്ങിയ അടിയന്തര സന്ദർഭങ്ങളിലെ സേവനവും പൊലീസിന്റേതുതന്നെ. മൊത്തത്തിൽ നോക്കിയാൽ ജനജീവിതം സമാധാനപൂർണമാക്കുക എന്ന മഹനീയസേവനത്തിനു നിയോഗിക്കപ്പെട്ടിരിക്കുന്നവരാണു പൊലീസുകാർ. ഇക്കാര്യങ്ങൾ അവരുടെ പരിശീലനകാലത്തു കൊടുത്തിട്ടില്ല എന്നും കൊലപാതകം, മർദനം, തെറിവിളി, കൈക്കൂലിവാങ്ങൽ, കള്ളക്കേസുണ്ടാക്കൽ, മന്ത്രിമാർക്കും രാഷ്ട്രീയനേതാക്കൾക്കും പാദസേവ ചെയ്യൽ എന്നിവയ്ക്കാണു പരിശീലനം കൊടുക്കുന്നത് എന്നും ദിവസവുമുള്ള പൊലീസിന്റെ അഴിഞ്ഞാട്ടത്തിലും നരനായാട്ടിലും തെളവാർന്നു നില്ക്കുന്നു. പൊലീസിന്റെ കുപ്പായമിട്ടാൽ നാടകത്തിലും സിനിമയിലുമൊക്കെ കഥാപാത്രത്തിന്റെ സ്വഭാവത്തിനിണങ്ങുന്ന ഭാവങ്ങൾ കാണിക്കേണ്ടതുണ്ട്. പക്ഷേ, അതു തൊഴിലിൽ കേറിക്കൂടുന്നതെങ്ങനെ? പുറമേ ധരിക്കുന്ന യൂണിഫോമിനൊപ്പം ഒരാളുടെ ചോരയിലേക്കു ചെകുത്താനും നരഭോജിയുമൊക്കെ പ്രവേശിക്കുമോ? ഒരുമാതിരിപ്പെട്ട പൊലീസ്പ്രമാണിമാരൊക്കെ പൊലീസ്ട്രെയിനിങ്ങിന്റെ തലപ്പത്ത് ഇരുന്നിട്ടുള്ളവരാണ്. അവർ കൊടുത്ത ട്രെയിനിങ്ങിന്റെ നിലവാരമാണ് ഇന്നു പൊലീസ്സേനയിൽ കാണുന്നത്.

ഇന്ത്യൻ എയർഫോഴ്സിലും ഇന്ത്യൻ കസ്റ്റംസിലുമായി കേന്ദ്രസർക്കാർ സർവീസിൽ 36 വർഷം ഞാൻ രാജ്യത്തിനായി യൂണിഫോം അണിഞ്ഞിട്ടുണ്ട്. അതേ, 'തുടരും' സിനിമയിലെ പ്രകാശ് വർമയുടെ സർക്കിൾ ഇൻസ്പെക്ടർ ജോർജ് പറയുന്നതുപോലെ കൃത്യം 36 വർഷം. കള്ളക്കടത്തുകാരെ നേരിടേണ്ടിവന്നിട്ടുണ്ട്.



പക്ഷേ, ജോലിയുടെ ഭാഗമായി ഒരാളുടെയും ദേഹത്ത് എനിക്കു കൈവയ്ക്കേണ്ടിവന്നിട്ടില്ല. സാന്ദർഭികമായി പറയുകയല്ല, പൊലീസിനുപോലും ജോലിയുടെ ഭാഗമായി ആരെയെങ്കിലും മർദിക്കേണ്ടിവരില്ല എന്ന് എടുത്തുപറയാനാണ്. കൊലയാളിയെയും അക്രമിയെയുമൊക്കെ കീഴ്പ്പെടുത്താൻ നടത്തുന്ന ബലപ്രയോഗം മർദനമല്ല. കസ്റ്റഡിയിലെടുക്കാൻ വേണ്ടി വരുന്ന ബലപ്രയോഗം മർദനമെന്ന കുറ്റമാകുന്നില്ല.

രാജൻകേസ് ആണ് കേരളത്തിൽ ഏറ്റവും കുപ്രസിദ്ധമായ കസ്റ്റഡി കൊലപാതകം. നക്സൽ വർഗീസിന്റെ കൊലയാണ് പൊലീസ് നടത്തിയ കിരാതമായ മറ്റൊരു കൊല. പിന്നെ ഈ അഞ്ചു നൂറ്റാണ്ടിനിടെ അമ്പതിലധികം പൊലീസ് കൊലകൾ. ഇരകളെല്ലാം നിരപരാധികൾ. പാർക്കിൽ കൂട്ടുകാരനുമായി സല്ലപിച്ചുകൊണ്ടിരുന്ന ആക്രിക്കടജീവനക്കാരനായ ഉദയകുമാർ എന്ന യുവാവിനെ തിരുവനന്തപുരം ഫോർട്ട് സ്റ്റേഷനിലെ ശ്രീകുമാർ, ജിതകുമാർ എന്നീ പൊലീസുകാർ പിടിച്ചുകൊണ്ടുപോയി. അയാളുടെ കീശയിൽ കണ്ട 4000 രൂപ മോഷ്ടിച്ചതാണെന്ന് ആരോപിച്ചാണ് കൊണ്ടുപോയത്. കൈകാലുകൾ ബന്ധിച്ചു ബെഞ്ചിൽ മലർത്തിക്കിടത്തി കെട്ടിയിട്ട് വായിൽ തുണി തിരുകി ഉലക്കയും ഇരുമ്പുപൈപ്പുംകൊണ്ട് ഉരുട്ടിയും ചവിട്ടിയും കൊലപ്പെടുത്തി. പിറ്റേന്ന് ശവം തിരിച്ചുകൊടുത്തു. തൂക്കിക്കൊല്ലാൻ വരെ വിധിച്ചെങ്കിലും ഈയിടെ കോടതി അവരെ വിട്ടയച്ചു. പിടിച്ചുകൊണ്ടുപോയതിനും പിറ്റേന്നു ശവമായി കൊണ്ടുവന്നതിനും തെളിവുണ്ട്. പക്ഷേ, പൊലീസ് കൊന്നതിനു തെളിവില്ലപോലും! ഇതുതന്നെയാണ് വരാപ്പുഴയിൽ 28 വയസ്സുള്ള ശ്രീജിത്തിന്റെ കാര്യത്തിലും സംഭവിച്ചത്. വഴിയിൽനിന്നു പൊക്കിക്കൊണ്ടുപോയിട്ട് കൊന്നുകളഞ്ഞു. ഏഴു പൊലീസുകാരെ സസ്പെൻഡ് ചെയ്തു. എട്ടു മാസം കഴിഞ്ഞ് അവരെയെല്ലാം തിരിച്ചെടുത്തു. എന്തൊരു നീതിനിർവഹണമാണിത്! എന്തൊരു നാടാണിത്!

പത്തനംതിട്ടയിൽ വനപാലകർ വീട്ടിൽ നിന്നിറക്കിക്കൊണ്ടുപോയ മത്തായിയെ അവർ കൊലപ്പെടുത്തി കിണറ്റിലെറിഞ്ഞു. മകളുടെ കല്യാണം നടത്താൻ ഗൾഫിൽനിന്നുവന്ന മലപ്പുറത്തെ തജ്ജുദ്ദീൻ എന്ന സാധുവിനെ മോഷണക്കുറ്റം ചുമത്തി 52 ദിവസം ജയിലിലിട്ടു. ആളു മാറി പിടിച്ചതാണ്. ജാമ്യം കിട്ടിയപ്പോൾ തജ്ജുദ്ദീൻതന്നെ നാടെല്ലാം കറങ്ങി യഥാർഥ മോഷ്ടാവിനെ കണ്ടുപിടിച്ച് പൊലീസിനു കൈമാറി. ലഹരിമരുന്നു കൈവശമുണ്ടെന്നാരോപിച്ച കള്ളപ്പരാതിയിൽ എക്സൈസുകാർ ചാലക്കുടിയിലെ ഷീല സണ്ണിയെ 72 ദിവസം ജയിലിലിട്ടു. മൂന്നാറിൽ കോളജധ്യാപകനെതിരേ പീഡനക്കേസ് എടുത്തു. ഏറ്റുമാനൂരിൽ അഭയ് എന്നൊരു ചെറുപ്പക്കാരനെ എസ് എച്ച് ഒ അൻസാലും കൂട്ടരും കൂടി മർദിച്ചതിനു കണക്കില്ല.

തൊടുപുഴയിൽ പേഴ്സി ജോസഫ് എന്ന ബാങ്കുമാനേജരെ നിശാന്തിനി എന്ന ഐ പി എസ് കാരി വെറുതെ തൂക്കിയെടുത്തു ക്രൂരമായി മർദിച്ചു. ഒടുവിൽ 20 ലക്ഷം രൂപ നഷ്ടപരിഹാരവും മാപ്പപേക്ഷയും കൊടുത്തു പൊലീസ് തലയൂരി! എന്തൊരു നാടാണിത്, എന്തൊരു നിയമമാണിത്! എന്തൊരു കെട്ട നീതിപാലകരാണ് ഇവിടെ വാഴുന്നത്! മന്ത്രിമാരുടെ നവകേരളസദസ്സ് വിനോദയാത്രയ്ക്കിടയിൽ കരിങ്കൊടി കാണിച്ചവരെ പൊലീസ് തല്ലിച്ചതച്ചു. ചെരിപ്പ് എറിഞ്ഞവനെതിരേ വധശ്രമത്തിനു കേസെടുത്തു. നിരപരാധികളെ കസ്റ്റഡിയിലെടുത്തു മർദിച്ചുകൊലപ്പെടുത്തുന്ന പൊലീസുകാരെ സർക്കാർ സംരക്ഷിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും അന്തസ്സിനും സംരക്ഷണം നൽകേണ്ട പൊലീസ്തന്നെ കാട്ടുമൃഗങ്ങളുടെ പോലും നീതിബോധമില്ലാതെ നിരപരാധികളുടെ ജീവിതമിട്ടു പന്താടുന്ന നാട്ടിലാണ് നാം ജീവിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാടെന്ന് ഇനിയാരും പറയരുത്. ജനമൈത്രി എന്നു പറയരുത്. ജനമർദനപൊലീസ് എന്നു പറയണം

കുന്നംകുളത്തെ സുജിത്തിന്റെ കേസ് ഒതുക്കിത്തീർക്കാൻ കുന്നംകുളം പോലീസിലെ കിരാതന്മാർ 20 ലക്ഷം രൂപ വാഗ്ദാനം ചെയ്തെങ്കിലും സുജിത് അതു നിരസിച്ചു. നീതിക്കുവേണ്ടി പോരാടി സി സി ടി വി ദൃശ്യങ്ങൾ വാങ്ങി ലോകത്തിനു കൊടുത്ത സുജിത് എന്ന യുവാവിനെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല!

■

**മൊത്തത്തിൽ നോക്കിയാൽ ജനജീവിതം സമാധാനപൂർണമാക്കുക എന്ന മഹനീയസേവനത്തിനു നിയോഗിക്കപ്പെട്ടിരിക്കുന്നവരാണു പൊലീസുകാർ. ഇക്കാര്യങ്ങൾ അവരുടെ പരിശീലനകാലത്തു കൊടുത്തിട്ടില്ല എന്നും കൊലപാതകം, മർദനം, തെറിവിളി, കൈക്കൂലിവാങ്ങൽ, കള്ളക്കേസുണ്ടാക്കൽ, മന്ത്രിമാർക്കും രാഷ്ട്രീയനേതാക്കൾക്കും പാദസേവ ചെയ്യൽ എന്നിവയ്ക്കാണു പരിശീലനം കൊടുക്കുന്നത് എന്നും ദിവസവുമുള്ള പൊലീസിന്റെ അഴിഞ്ഞാട്ടത്തിലും നരനായാട്ടിലും തെളിവാർന്നു നില്ക്കുന്നു.**



■ ഫാ. കുര്യാക്കോസ് നരിതൂക്കിൽ

# ഭൂമിയിലെ മാലാഖ



## 2025 സെപ്റ്റംബർ 7ന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട പിയേർ ജോർജിയോ ഫ്രസാത്തിയുടെ ജീവിതത്തെക്കുറിച്ച്

## അത്യുച്ചിയിലെത്തിയ ആത്മീയമുന്നേറ്റം

II

**അന്തിമനാളുകൾ**

ഊർജസ്വലനും അരോഗ ദൃഢഗാത്രനുമായ പിയേർ ജോർജിയോ കൂട്ടുകാരോടൊപ്പമുള്ള ചർച്ചകളും കളിതമാശകളും പതിവുപോലെ തുടർന്നെങ്കിലും അവൻ ക്ഷീണിതനാണെന്നു കൂട്ടുകാരിൽ ചിലർ മനസ്സിലാക്കി. പരീക്ഷയ്ക്കുവേണ്ടിയുള്ള പഠനത്തിൽ മുഴുകുന്നതുകൊണ്ടായിരിക്കുമെന്നവർ ഊഹിച്ചു. പിയേർ ജോർജിയോയുടെ ശരീരം മെലിഞ്ഞുവരുന്നതായി സഹോദരിയുടെ ശ്രദ്ധയിലുംപെട്ടു. എന്നാലും ആരും ഇതൊന്നും ഗൗരവമായെടുത്തില്ല. വീട്ടിൽ എല്ലാവരും മരണാസന്നയായ വല്യമ്മ (അമ്മയുടെ അമ്മ)യുടെ കാര്യത്തിലാണ് ശ്രദ്ധിച്ചിരുന്നത്. ഈ ക്ഷീണാവസ്ഥയിലും സമീപത്തുള്ള പള്ളിയിൽചെന്ന് വൈദികനെ കൊണ്ടുവന്ന് വല്യമ്മയ്ക്കു കുമ്പസാരവും കുർബാനയും കൊടുക്കാൻ പിയേർ ജോർജിയോ ശ്രദ്ധവച്ചു. അടുത്ത ദിവസങ്ങൾ വല്യമ്മയുടെ മുറിയിൽവരെ പോയിരുന്നത് വരാന്തയുടെ ഭിത്തിയിൽ പിടിച്ചുപിടിച്ചാണ്. വല്യമ്മ 1925 ജൂലൈ ഒന്നാം തീയതി അന്തരിച്ചു. രണ്ടു ദിവസത്തിനുശേഷം വല്യമ്മയെ പൊള്ളോണെയിലുള്ള കുടുംബക്കല്ലറയിൽ അടക്കുന്ന നേരത്ത് ടൂറിനിൽനിന്ന് പിയേർ ജോർജിയോയുടെ രോഗാവസ്ഥ മൂർച്ഛിച്ചതായി അറിയിപ്പുകിട്ടി. അക്കാലത്ത് പ്രതിരോധകുത്തിവയ്പ് കണ്ടെത്തിയിട്ടില്ലായിരുന്ന പോളിയോരോഗമാണ് പിയേർ ജോർജിയോയെ ബാധിച്ചിരുന്നത്. വിദഗ്ധഡോക്ടർമാരൊക്കെ പരിശോധിക്കുകയും മരുന്നുകൾ നല്കുകയും ചെയ്തു.

പിയേർ ജോർജിയോയുടെ സുഹൃത്തുക്കൾ ഒന്നുചേർന്ന് അവരുടെ പ്രിയസ്നേഹിതനുവേണ്ടി പ്രാർഥിച്ചിരുന്നു. ടൂറിനിലെ കർദിനാൾ സന്ദർശിക്കാൻ വന്നെങ്കിലും പകരുന്ന രോഗമായിരുന്നതുകൊണ്ടാകാം സന്ദർശനം നിഷേധിക്കപ്പെട്ടു. അദ്ദേഹം വാഴ്ത്തപ്പെട്ട കൊഫോസായുടെ തിരുശ്ശേഷിപ്പു കൊടുത്തുവിട്ടു. അത് പിയേർ ജോർജിയോയ്ക്കു വലിയ ആശ്വാസം നല്കിയെങ്കിലും ശാരീരികവേദന അസഹനീയമായിത്തുടർന്നു. മരിക്കുന്നതിനു തലേരാത്രി പിയേർ ജോർജിയോയുടെ സ്നേഹിതനും ബന്ധുവുമായ മാരിയോ ഗമ്പേത്താ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

സഹോദരി ലൂച്ചിയായുടെ പേരിൽ പിയേർ ജോർജിയോ എടുത്ത ഒരു ഇൻഷുറൻസ് പോളിസി അവളെ ഏല്പിച്ചു.വെള്ളിയാഴ്ച സന്ദർശിക്കേണ്ടിയിരുന്ന പാവപ്പെട്ടവരുടെ വീടുകളുടെ പേരുവിവരങ്ങൾ എഴുതി ഒരു സ്നേഹിതനെ ഏല്പിച്ചു. വളരെ ക്ലേശിച്ചാണ് പകുതി തളർന്ന കരങ്ങൾകൊണ്ട് ഈ കുറിപ്പ് എഴുതിയതെന്ന് സഹോദരി മനസ്സിലാക്കി. വെള്ളിയാഴ്ചതോറും ഒരു സ്നേഹിതനോടൊപ്പം ജപമാല ചൊല്ലിക്കൊണ്ട് പിയേർ ജോർജിയോ ടൂറിൻ നഗരത്തിന്റെ ഏറ്റവും പാവപ്പെട്ടവർ വസിച്ചിരുന്ന ഭാഗങ്ങളിലെ വീടുകൾ കയറിയിറങ്ങിയിരുന്നു വെന്ന് അദ്ദേഹത്തിന്റെ മരണശേഷമേ അറിഞ്ഞുള്ളൂ. ഈ ഭവനസന്ദർശനങ്ങളിൽ ശുശ്രൂഷിച്ച ഏതെങ്കിലും ശിശുവിൽനിന്നായിരിക്കാം പിയേർ ജോർജിയോയ്ക്ക് പോളിയോരോഗം പകർന്നതെന്നാണ് ഡോക്ടർമാർ അനുമാനിച്ചത്.

ജൂലൈ നാലാം തീയതി വൈകിട്ട് പിയേർ ജോർജിയോയുടെ പാവനാത്മാവ് സ്വർഗത്തിലേക്കു പറന്നുയർന്നു. അന്നുതന്നെ ഫ്രസാത്തി ഭവനത്തിലെ വീട്ടുവേലക്കാരി എസ്തർ പിഞ്ഞാത്ത അടുക്കളയിലെ കലണ്ടറിൽ എഴുതി: "ഇന്ന് ഏഴുമണിക്ക് ഈ ഭവനത്തിനു തീരാനഷ്ടം സംഭവിച്ചു. പാവം പിയേർ ജോർജിയോ! അദ്ദേഹം ഒരു വിശുദ്ധനാണ്. ഈ വിശുദ്ധനെ തന്റെ പാർശ്വഭാഗത്തു വേണമെന്നു ദൈവം ആഗ്രഹിക്കുന്നു!"

സ്ഥലത്തെ പാർലമെന്റ് പ്രതിനിധിയായ മിസ്റ്റർ ഫസാരി തന്റെ ഡയറിയിൽ കുറിച്ചു: "ഈ ലോകത്തിലെക്കുംവച്ച് ഏറ്റവും നല്ല മനുഷ്യൻ ഇന്ന് ഇഹലോകവാസം വെടിഞ്ഞു."

മരണവാർത്തയറിഞ്ഞ് 'സ്താംപാ' ദിനപത്രത്തിന്റെ ഉടമയും മുൻ സെനറ്ററും അംബാസിഡറുമായ അൽഫ്രേദോ ഫ്രസാത്തിയുടെ ഭവനത്തിലേക്ക് ഓടിയെത്തിയ ചേരിനിവാസികളും യാചകരും രോഗികളും കുഞ്ഞുങ്ങളുമടങ്ങിയ ജനക്കൂട്ടത്തെക്കണ്ട് പിയേർ ജോർജിയോയുടെ മാതാപിതാക്കൾ സ്തബ്ധരായി. ഈ പാവങ്ങളെ വീട്ടിനുള്ളിലേക്കു കടത്തിവിടാൻ അമ്മ ആദ്യം സമ്മതിച്ചില്ല. പരേതന്റെ സഹോദരി ലൂച്ചിയാനാ ഇടപെട്ടാണ് അമ്മയുടെ തീരുമാനം മാറ്റിയെടുത്തത്. ആ സമ്പന്നകുടുംബത്തിനു ചേരാത്ത ഒരാൾക്കൂട്ടമായിട്ടാണ് പിയേർ ജോർജിയോയുടെ മാതാവ് ഇവരെ കണ്ടത്. നിറഞ്ഞ കണ്ണുകളോടെ നിശ്ശബ്ദരായി മൃതദേഹം കണ്ട് ഒരു തിരുശ്ശേഷിപ്പിനെ സ്പർശിക്കുന്നതുപോലെ മൃതദേഹത്തിൽ തൊട്ടുവണങ്ങിയാണ് അവർ കടന്നുപോയത്. പുറത്തിറങ്ങി ജനം അവിടെത്തന്നെ നിന്നു. പിയേർ ജോർജിയോയുടെ സ്നേഹിതരായ യുവാക്കൾ മൃതശരീരം പേടകത്തിലടച്ച് തോളിലേറ്റി കൊണ്ടുപോകുമ്പോൾ ഈ ജനക്കൂട്ടം വഴിയുടെ ഇരുവശങ്ങളിലുമായി മുട്ടുകുത്തി നില്ക്കുകയായിരുന്നു.

തന്റെ സഹോദരന്റെ ജീവിതം ഒരു ബലിയർപ്പണമായിരുന്നുവെന്ന് സഹോദരിക്കറിയാമായിരുന്നു. ഒരു മിഷനറിവൈദികനാകാനുള്ള ആഗ്രഹം മാതാപിതാക്കളുടെ എതിർപ്പിനെത്തുടർന്ന് പിയേർ ജോർജിയോ ബലികഴിച്ചു. അനാഥശാലയിൽ വളർന്ന ഒരു പെൺകുട്ടിയെ വിവാഹം കഴിക്കണമെന്ന ആഗ്രഹം അമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ലെന്നും, വിവാഹമോചനത്തിന്റെ വക്കത്ത് എത്തിനില്ക്കുന്ന മാതാപിതാക്കൾ വേർപിരിയാൻതന്നെ തന്റെ വിവാഹം കാരണമായേക്കുമെന്നും അറിയാമായിരുന്നതുകൊണ്ട് ആ വലിയ ത്യാഗവും പിയേർ ജോർജിയോ ദൈവഹിതമായിക്കണ്ടു. ഒരു കുടുംബം തകരുമെങ്കിൽ ഞാനെന്തിന് ഒരു കുടുംബം ഉണ്ടാക്കണം? എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം.

ഇറ്റാലിയൻ കാതലിക് സ്റ്റുഡന്റ്സ് അസോസിയേഷനിൽ ഒരു സജീവപ്രവർത്തകനായിരുന്ന പിയേർ ജോർജിയോ മുസോളിനിയുടെ ഫാസിസത്തെ നഖശിഖാന്തം എതിർത്തിരുന്നു. ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന ഗ്രൂപ്പിന്റെ മീറ്റിങ് നീണ്ടുപോയാൽ ചാപ്ലെയിൻ പിയേർ ജോർജിയോയെ കൂട്ടിയാണ് പെൺകുട്ടികളെ വീട്ടിലെത്തിച്ചിരുന്നത്. അവരിലൊരു പെൺകുട്ടി എഴുതി: "ഒരു സുഹൃത്തല്ല ഒരു മാലാഖയാണ് എനിക്ക് കൂട്ടുപോരുന്നത്, എന്നെനിക്കറിയാമായിരുന്നു."

പിയേർ ജോർജിയോയുടെ ശുദ്ധതയും എളിമയും ലാളിത്യവും ഏതാനും വൈദികർക്കും വളരെയടുത്ത സ്നേഹിതർക്കും മാത്രമേ അറിയാമായിരുന്നുള്ളൂ. മാതാപിതാക്കൾ പിയേർ ജോർജിയോ കുറച്ചുകൂടി ആർഭാടജീവിതം നയിക്കണമെന്നാണ് ആഗ്രഹിച്ചിരുന്നത്. ലോകമാനദണ്ഡമനുസരിച്ച് മകനൊരു പരാജയമാണെന്നവർ കരുതിയിരുന്നു. എന്നാൽ, പിയേർ ജോർജിയോയെ അടുത്തറിയാവുന്ന ഒരു വൈദികൻ അവന്റെ മാതാപിതാക്കളോടു പറഞ്ഞു: "ഒരുനാൾ നിങ്ങളുടെ മകനെക്കുറിച്ചു പള്ളികളിലെ പ്രസംഗപീഠങ്ങളിൽനിന്ന് പുരോഹിതർ പ്രസംഗിക്കും." എത്ര കൃത്യമായ പ്രവചനം!

നാമകരണനടപടികളുടെ ഭാഗമായി പിയേർ ജോർജിയോയുടെ കല്ലറ 1981 ൽ തുറന്നപ്പോൾ യാതൊരു മാറ്റവും വരാത്ത മൃതദേഹമാണ് കണ്ടത്. അതു ടൂറിൻ കത്തീഡ്രലിലാണ് ഇപ്പോൾ അടക്കം ചെയ്തിരിക്കുന്നത്.

1990 മേയ് 20 ന് വി. ജോൺപോൾ രണ്ടാമൻ പാപ്പാ റോമിൽവച്ച് പിയേർ ജോർജിയോ ഫ്രസാത്തിയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 'അഷ്ടഭാഗ്യങ്ങളുടെ യുവാവ്' എന്ന വിശേഷണമാണ് വാഴ്ത്തപ്പെട്ടവന് പരിശുദ്ധപിതാവ് നല്കിയിരുന്നത്. അനുദിന വിശുദ്ധകുർബാനയുടെയും അനുദിനജപമാലയുടെയും പ്രേഷിതനായ പിയേർ ജോർജിയോ ഫ്രസാത്തിയെ വിശുദ്ധനായി പ്രഖ്യാപിക്കാൻ ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചിരുന്നതാണ്. ഇപ്പോൾ പരിശുദ്ധ പിതാവ് ലെയോ പതിന്നാലാമൻ പാപ്പായുടെ ആദ്യവിശുദ്ധപദ പ്രഖ്യാപനമാണ് സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച നടന്നത്. 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ച കാർളോ അക്വിത്തിസും നമ്മുടെ യുവജനങ്ങൾക്കു മാതൃകയാകട്ടെ.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
**ഫാ. സിറിയക് തടത്തിൽ**

അസി. മാനേജർ
**ഫാ. മാത്യു തെന്നാട്ടിൽ**

ശത്രുവിനു വിശക്കുമ്പോൾ ആഹാരവും ദാഹത്തിന് ജലവും കൊടുക്കുക.
സുഭാഷിതങ്ങൾ 25:21

**എഡിറ്റോറിയൽ**

# നിനച്ചിരിക്കാത്ത നേരത്തെ നിയമക്കുരുക്ക്

**അ**ഞ്ചു വർഷത്തിലേറെ സർവീസ് ബാക്കിയുള്ള എല്ലാ സ്കൂളധ്യാപകർക്കും ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (ടെറ്റ്) യോഗ്യത നിർബന്ധമാക്കിയ സുപ്രീം കോടതിവിധി സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. അഞ്ചുവർഷത്തിലേറെ സർവീസ് ബാക്കിയുള്ള എല്ലാ അധ്യാപകരും രണ്ടുവർഷത്തിനുള്ളിൽ ടെറ്റ് യോഗ്യത നേടണമെന്നും ഇല്ലെങ്കിൽ സർവീസിൽനിന്നു പുറത്തുപോകേണ്ടിവരുമെന്നുമാണു കോടതിവിധി. അഞ്ചുവർഷത്തിൽ താഴെ സർവീസുള്ള അധ്യാപകർക്കു സ്ഥാനക്കയറ്റത്തിനും ടെറ്റ് നിർബന്ധമാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസാവകാശനിയമം നിലവിൽവരുന്നതിനുമുമ്പു ജോലിയിൽ പ്രവേശിച്ചവർക്കടക്കം വ്യവസ്ഥ ബാധകമാക്കിയത് സംസ്ഥാനത്തു വലിയ പ്രത്യാഘാതം സൃഷ്ടിക്കുമെന്നു വിദ്യാഭ്യാസവകുപ്പുമന്ത്രി വി. ശിവൻകുട്ടി പറഞ്ഞുകഴിഞ്ഞു. സുപ്രീംകോടതിവിധിക്കെതിരേ സർക്കാർ പുനഃപരിശോധനാഹർജി നല്കുകയോ കൂടുതൽ വ്യക്തത തേടുകയോ ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.


ഈ മാസം ഒന്നാം തീയതിയാണ്, ജസ്റ്റീസുമാരായ ദീപാങ്കർ ദത്ത, മൻമോഹൻ എന്നിവരടങ്ങുന്ന സുപ്രീംകോടതി ബഞ്ച് വിവിധ ഹൈക്കോടതികളിൽനിന്നുള്ള 28 അപ്പീലുകൾ പരിഗണിച്ച് ഏറെ ആശങ്കകളുണർത്തുന്ന ഇത്തരമൊരു വിധി നടത്തിയത്. അധ്യാപകനിയമനത്തിനും സ്ഥാനക്കയറ്റത്തിനും ടെറ്റ് യോഗ്യത നിർബന്ധമാണോ എന്നതായിരുന്നു കോടതി പ്രധാനമായും പരിഗണിച്ചത്. 2009 ലെ വിദ്യാഭ്യാസാവകാശനിയമം വരുന്നതിനുമുമ്പ് അധ്യാപകരായവർക്കും ടെറ്റ് യോഗ്യത നിർബന്ധമാണെന്ന നിബന്ധനയാണ് കാര്യങ്ങളെ ഇപ്പോൾ സങ്കീർണമാക്കിയിരിക്കുന്നത്. അതനുസരിച്ച് 2027 സെപ്റ്റംബർ ഒന്നാണ്, അഞ്ചുവർഷമോ അതിൽകൂടുതലോ സർവീസ് ശേഷിക്കുന്ന അധ്യാപകർ സുപ്രീംകോടതിവിധിപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരിക്കേണ്ട അവസാന തീയതി. മേൽവിധിപ്രകാരം വിരമിക്കാൻ അഞ്ചുവർഷത്തിൽ താഴെ മാത്രം കാലാവധിയുള്ള അധ്യാപകർക്ക് വിരമിക്കുന്നതുവരെ ടെറ്റ് ഇല്ലാതെ സർവീസിൽ തുടരാമെന്നിരിക്കിലും, ടെറ്റ് നിർബന്ധമായ തസ്തികകളിലേക്ക് ഇവർക്കു സ്ഥാനക്കയറ്റം ലഭിക്കുകയില്ല. മാത്രമല്ല, വിരമിക്കാൻ അഞ്ചുവർഷമോ അതിൽക്കൂടുതലോ ശേഷിക്കുന്നവർ, കോടതിയുത്തരവു വന്ന 2025 സെപ്റ്റംബർ ഒന്നു കണക്കാക്കി രണ്ടുവർഷത്തിനുള്ളിൽ, അതായത്, 2027 സെപ്റ്റംബർ ഒന്നിനകം ടെറ്റ് പരീക്ഷയെഴുതി പാസാകാതെ വന്നാൽ ആനുകൂല്യങ്ങൾ വാങ്ങി വീട്ടിലിരിക്കേണ്ടിയുംവരും!

നെറ്റ്, സെറ്റ്, എം.എഡ്, പിഎച്ച്ഡി മുതലായ ഉയർന്ന യോഗ്യതകൾ നേടിയ കേമന്മാരായ അധ്യാപകർക്കുപോലും ടെറ്റ് നിർബന്ധമായുള്ള ഒരു തസ്തികയിലേക്കും ടെറ്റ് ഇല്ലാതെ സ്ഥാനക്കയറ്റം ഇനി സാധ്യമാവില്ലായെന്നതാണ് വിധി കൊണ്ടുവരുന്ന മറ്റൊരു ദുര്യോഗം. പുതുതായി നിയമനം നേടുന്നവർക്ക് നിയമനസമയത്തുതന്നെ ടെറ്റ് അല്ലെങ്കിൽ സി ടെറ്റ് യോഗ്യതയുണ്ടായിരിക്കണം. ആദ്യം നിയമനവും പിന്നീട് ടെറ്റ് യോഗ്യതയും എന്ന രീതി ഇനി അനുവദിക്കില്ല. നെറ്റ്, സെറ്റ്, എം.എഡ്., പി.എച്ച്.ഡി., എം.ഫിൽ തുടങ്ങിയ ബിരുദങ്ങൾ ടെറ്റിനു പകരമാവില്ലെന്നാണ് ഉയർന്ന യോഗ്യതകളെക്കുറിച്ചു നല്കുന്ന വിശദീകരണം. ടെറ്റ് എന്നത് കുട്ടികളുടെ ബോധനശാസ്ത്രത്തിലും അധ്യാപനരുചിയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു പ്രൊഫഷണൽ യോഗ്യതാപരീക്ഷയാണത്രേ. ഇത് അക്കാദമിക് ബിരുദങ്ങളിൽനിന്നു വ്യത്യസ്തമാണെന്നും കോടതി പുറപ്പെടുവിച്ച മാർഗനിർദേശങ്ങളിൽ ചൂണ്ടിക്കാട്ടുന്നു.

2009 ൽ വിദ്യാഭ്യാസാവകാശനിയമം (ആർടിഇ) വന്ന ശേഷമാണ് ടെറ്റ് നിർബന്ധമാക്കിയത്. അതിനുമുമ്പു നിയമിക്കപ്പെടുന്നവർക്കും ടെറ്റ് യോഗ്യത നിർദേശിച്ച് (ദേശീയ അധ്യാപകവിദ്യാഭ്യാസകൗൺസിൽ (എൻസിടിഇ) മാർഗരേഖ പുറത്തിറക്കിയിരുന്നെങ്കിലും കേരളത്തിൽ ആർടിഇ ചട്ടം നിലവിൽവന്നത് 2010 ൽ മാത്രമാണ്. 2011 നുശേഷം സർവീസിൽ കയറുന്നവർക്കു കെ.ടെറ്റ് നിർബന്ധമാക്കി. 2012 മുതൽ ഇതു നടപ്പായിത്തുടങ്ങുകയും ചെയ്തു. അതിനു മുമ്പുള്ള പി.എസ്.സി. റാങ്ക് പട്ടികയിലുള്ളവരെ ഒഴിവാക്കിയിരുന്നു. ഒരു പുതിയ നിയമം വരുമ്പോൾ അതിനു മുമ്പുള്ളവരെ സംരക്ഷിക്കുന്നതാണു സാമാന്യരീതി. ഇതനുസരിച്ചായിരുന്നു കേരളമടക്കമുള്ള സംസ്ഥാനങ്ങളിലെ ഇളവ്. പക്ഷേ, ആർടിഇ പ്രകാരമുള്ള ടെറ്റ് യോഗ്യതയ്ക്കു മുൻകാലപ്രാബല്യം കണക്കാക്കിയുള്ള സുപ്രീം കോടതിയുടെ പുതിയ വിധി ആയിരക്കണക്കിന് അധ്യാപകരുടെ വയറ്റത്തടിച്ചിരിക്കുകയാണ്.

ഏതായാലും ടെറ്റ് പ്രശ്നത്തിൽ നീതി തേടി സുപ്രീം കോടതിയെ സമീപിക്കാൻ പ്രതിപക്ഷസംഘടനയായ കെ.പി.എസ്.ടി.എ. രംഗത്തുവന്നുകഴിഞ്ഞു. അധ്യാപകരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഇടപെടണമെന്നാണ് സംസ്ഥാനപ്രസിഡന്റ് കെ.പി. അബ്ദുൾമജീദ് ആവശ്യപ്പെട്ടിരിക്കുന്നത്. അരലക്ഷത്തോളം അധ്യാപകരുടെ അന്നം മുട്ടിക്കുന്ന പുതിയ സുപ്രീംകോടതിവിധിക്കു പരിഹാരം കാണാൻ ഉത്തവാദിത്വപ്പെട്ടവർ ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു. ■

# ഫലസമൃദ്ധമായ മുന്തിരിവള്ളികൾ



പീറ്റർ കുരിശിങ്കൽ

**അ**യാൾ വിശുദ്ധഗ്രന്ഥം തുറന്നു വായിക്കാൻ തുടങ്ങി. ഈയിടെയായി അങ്ങനെയാണ്. നിഷ്ഠയോ ചിട്ടയോ ഒന്നുമില്ലിതിന്. പക്ഷേ, ഇതൊരു പതിവാണ് അയാൾക്ക്. തന്നെ ആരെങ്കിലും കേൾക്കുന്നുണ്ടോ? ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? അതൊന്നും അയാൾ കാര്യമാക്കുന്നില്ല.

വളരെ സ്ഫുടവും വ്യക്തവുമാണ് അയാളുടെ വായന. അതിനാൽത്തന്നെ വായന കേൾക്കാൻ അനേകർ വരും. വല്യപ്പന്മാരും വല്യമ്മമാരും യുവതീയുവാക്കളും, അങ്ങനെ പലരും.

വിശുദ്ധഗ്രന്ഥം തുറക്കുക; കാണുന്നിടത്തുനിന്നു വായന തുടങ്ങുക. അതാണയാളുടെ രീതി - അയാൾ വായന തുടങ്ങി.

ഉത്തമയായ ഭാര്യ!

ഉത്തമയായ ഭാര്യയെ കണ്ടുപിടിക്കാൻ ആർക്കുകഴിയും? അവൾ രത്നങ്ങളെക്കാൾ അമൂല്യയത്രേ. ഭർത്താവിന്റെ ഹൃദയം അവളിൽ വിശ്വാസമർപ്പിക്കുന്നു. അവന്റെ നേട്ടങ്ങൾ വർധിക്കുകയും ചെയ്യുന്നു. അവൾ ആജീവനാന്തം ഭർത്താവിന് നന്മയല്ലാതെ ഉപദ്രവം ചെയ്യുന്നില്ല. പുലർച്ചയ്ക്കുമുമ്പേ അവൾ ഉണർന്ന് കുടുംബാംഗങ്ങൾക്കുള്ള ഭക്ഷണമൊരുക്കുകയും പരിചാരികമാർക്കു ജോലികൾ നിർദേശിക്കുകയും ചെയ്യുന്നു. അവൾ നല്ല നിലം നോക്കി വാങ്ങുന്നു. സ്വന്തം സമ്പത്തുകൊണ്ട് അവൾ സ്വന്തം മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നു. രാത്രിയിൽ അവളുടെ വിളക്ക് അണയുന്നില്ല. അവൾ കഴിവും അന്തസ്സും അണിയുന്നു. ഭാവിയെ നോക്കി പുഞ്ചിരിക്കുന്നു. അവൾ വായ് തുറന്നാൽ ജ്ഞാനമേ പുറത്തുവരൂ. അവളുടെ സന്താനങ്ങൾ അവളെ ഭാഗ്യവതി എന്നു വിളിക്കുന്നു. അവളുടെ ഭർത്താവും അങ്ങനെ ചെയ്യുന്നു.



ഉത്തമയായ ഭാര്യയുള്ളവൻ ഭാഗ്യവാൻ. അവന്റെ ആയുസ്സ് ഇരട്ടിക്കും. വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കുന്നു. അവൻ സമാധാനത്തോടെ ആയുസ്സു തികയ്ക്കും. ഉത്തമയായ ഭാര്യ മഹത്തായ അനുഗ്രഹമാണ്. ധനവാനോ ദരിദ്രനോ ആകട്ടെ, അവന്റെ ഹൃദയം സന്തുഷ്ടവും അവന്റെ മുഖം സദാ പ്രസന്നവുമായിരിക്കും. ഭാര്യയാണ് പുരുഷന്റെ ഏറ്റവും വലിയ സമ്പത്ത്. സ്ത്രീയുടെ സൗന്ദര്യം പുരുഷനെ സന്തുഷ്ടനാക്കുന്നു. അവളുടെ സംഭാഷണം വിനയവും സൗമ്യതയും നിറഞ്ഞതാണെങ്കിൽ അവളുടെ ഭർത്താവ് മറ്റുള്ളവരേക്കാൾ ഭാഗ്യവാനാണ്.

വായന പുരോഗമിക്കുകയാണ്. ശ്രോതാക്കളിൽ ചെറുപ്പക്കാരനായ ഒരാൾ അടുത്തിരുന്ന വല്യമ്മയോടു പറഞ്ഞു: ഇതുപോലൊക്കെ ഉത്തമയും സുകൃതിനിയുമായ ഒരുവളെ വേണം എനിക്കു മിന്നുകെട്ടാൻ. ഇതുകേട്ട് വല്യമ്മ ചെറുപ്പക്കാരനോടു പറഞ്ഞു: അതിനു സുകൃതം ചെയ്യണം മോനേ...

അതേ, വല്യമ്മയുടെ അതേ അഭിപ്രായംതന്നെയാണ് സുഭാഷിതകാരനും പറയുന്നത്. സുഭാഷിതകർത്താവ് പറയുന്നു: ദൈവഭയത്തോടെ ജീവിക്കുന്നവനും സുകൃതജീവിതം നയിക്കുന്നവനും കർത്താവു നല്കുന്ന സമ്മാനം!

വീടും സമ്പത്തും പിതാക്കന്മാരിൽനിന്നും അവകാശമായി കിട്ടുന്നു. വിവേകമതിയായ ഭാര്യയാകട്ടെ, കർത്താവിന്റെ ദാനമാണ്. ഈ വസ്തുത സങ്കീർത്തകനും അടിവരയിട്ടുറപ്പിക്കുന്നു. കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ. നിന്റെ അധ്വാനഫലം നീ അനുഭവിക്കും. നീ സന്തുഷ്ടനായിരിക്കും. നിനക്കു നന്മ വരും. നിന്റെ ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരിവള്ളിപോലെയായിരിക്കും. നിന്റെ മക്കൾ മേശയ്ക്കുചുറ്റും ഒലിവുതൈപോലെയും. കർത്താവിന്റെ മക്കൾ ഇപ്രകാരം അനുഗൃഹീതരായിരിക്കും.

പ്രഭാഷകന്റെ വാക്കുകളും കേൾക്കാം: എന്റെ ഹൃദയം മൂന്നു കാര്യങ്ങളിൽ ആനന്ദം കൊള്ളുന്നു. അവ കർത്താവിന്റെയും മനുഷ്യന്റെയും ദൃഷ്ടിയിൽ ആനന്ദമാണ്. സഹോദരന്മാർ തമ്മിലുള്ള യോജിപ്പ്, അയൽക്കാർ തമ്മിലുള്ള സൗഹൃദം, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലയം.

അയാൾ വായന നിർത്തി. വിശുദ്ധഗ്രന്ഥം അടച്ചു. ആളുകൾ പിരിഞ്ഞുപോകുന്നതിനിടയിൽ വല്യപ്പന്മാർ യുവാക്കളെ ഉപദേശിച്ചു: കൊച്ചുമക്കളേ കേട്ടോ-സന്താനങ്ങളും താൻ നിർമിച്ച നഗരവുമാണ് ഒരുവന്റെ പേരു നിലനിർത്തുന്നത്. നിഷ്കളങ്കയായ ഭാര്യ ഇവ രണ്ടിനേയുംകാൾ വിലമതിക്കപ്പെടുന്നു.

അപ്പോൾ മറ്റൊരു വല്യപ്പന്റെ കമന്റ്: വേലിയില്ലാത്ത വസ്തു കൊള്ള ചെയ്യപ്പെടും. ഭാര്യയില്ലാത്തവൻ നെടുവീർപ്പിട്ടുകൊണ്ട് അലഞ്ഞുനടക്കും. ■



ഇസ്രയേൽ ഒരു ചരിത്രവിസ്മയം 8

ഡോ. കുര്യാസ് കുമ്പളക്കുഴി

# പിന്നെയും കൊലവിളികൾ

ഓരോ യുദ്ധത്തിലും അറബ്രാഷ്ട്രങ്ങൾ കൂടുതൽ പരാജയം ഇസ്രയേലിനോട് ഏറ്റുവാങ്ങിക്കൊണ്ടിരുന്നെങ്കിലും ഇസ്രയേലിനെ ഇല്ലായ്മ ചെയ്യണമെന്ന അവരുടെ ദുരാഗ്രഹത്തിനു യാതൊരു ക്ഷീണവുമുണ്ടായില്ല. 2005 ൽ ഇറാന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട മഹ്മൂദ് അഹമ്മദിനെജാദ് സ്ഥാനമേറ്റെടുത്തുകൊണ്ടു നടത്തിയ പ്രഥമപ്രസംഗത്തിൽത്തന്നെ പ്രഖ്യാപിച്ചത് ഇസ്രയേലിനെ ഭൂപടത്തിൽനിന്നു മായ്ച്ചുകളയും എന്നായിരുന്നു. യഹൂദരില്ലാത്ത ഒരു ലോകമാണ് തന്റെ സങ്കല്പത്തിലുള്ളതെന്നു കൂട്ടിച്ചേർക്കാനും അദ്ദേഹം മറന്നില്ല. 2009 ൽ സ്ഥാനമൊഴിയുന്നതുവരെ പക്ഷേ, ഒന്നും സംഭവിച്ചില്ല. 2009 ൽ അദ്ദേഹം രണ്ടാമതും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 2013 ൽ അധികാരമൊഴിഞ്ഞ് ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. ഇസ്രയേലിനോട് അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്ന തീരാദുഃഖവും പേറിയാവും അദ്ദേഹം ശിഷ്ടജീവിതം കഴിച്ചുകൂട്ടുന്നത്.

ഇറാന്റെ പരമോന്നതനേതാവായ അലി ഖമനേയ് 2015 സെപ്റ്റംബർ 19 ന് നടത്തിയ ഒരു പ്രവചനം, ഇസ്രയേൽ അടുത്ത 25 വർഷംപോലും നിലനില്ക്കില്ല എന്നാണ്. ഉടൻ തുടച്ചുനീക്കും എന്ന ദുർവാശി ഒട്ടൊന്നു കുറഞ്ഞതുപോലെ! എങ്കിലും അദ്ദേഹം ഇസ്രയേലിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനം ഓരോ വർഷവും തുടർന്നുകൊണ്ടിരിക്കുന്നു. 2024 മേയ് 24 ന് അദ്ദേഹം ഭക്തജനങ്ങൾക്കു റംസാൻ സന്ദേശം നല്കിയത് തോക്കുകുത്തിപ്പിടിച്ചുകൊണ്ടായിരുന്നു. ഇസ്രയേൽനാശമെന്ന അള്ളാഹുവിന്റെ വാഗ്ദാനം ഉടൻ യാഥാർഥ്യമാകുമെന്ന് അദ്ദേഹം വിശ്വാസികളെ ആശ്വസിപ്പിക്കുകയും ചെയ്തു.

ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിലെ പലസ്തീൻചത്വരത്തിൽ ഇസ്രയേൽവിരുദ്ധർ ഒരു ക്ലോക്കു സ്ഥാപിച്ചിട്ടുണ്ട്. ഇസ്രയേലിന്റെ നാശം അടയാളപ്പെടുത്തിയിട്ടുള്ള ഈ ക്ലോക്കിൽ 2040 വരെയുള്ള സമയമേ ക്രമീകരിച്ചിട്ടുള്ളൂ.


എല്ലാംകൂടി ചേർത്തുവായിക്കുമ്പോൾ ഒരു ജനതയ്ക്കെതിരേ മറ്റൊരു ജനത അതിന്റെ രാഷ്ട്രീയസാമ്പത്തികസ്രോതസ്സുകളെല്ലാം ഉപയോഗിച്ചു സംഹാരഭീഷണി മുഴക്കുന്ന ചിത്രമാണു തെളിഞ്ഞുവരുന്നത്. വേട്ടക്കാരുടെ പക്ഷം വളരെ വിപുലമാണ്. പക്ഷേ, ഇരയുടെ കൗശലം അവരുടെ എല്ലാ തന്ത്രങ്ങളെയും പരാജയപ്പെടുത്തുന്നു. ഇസ്രയേലുമായി അതിർത്തി പങ്കിടുന്ന ആറു മുസ്ലീം രാജ്യങ്ങളിലെ ആകെ ജനസംഖ്യ 28 കോടിയിലധികമാണ്. ഇസ്രയേലിലേതാകട്ടെ ഒരു കോടിയിൽതാഴെയും.

ജനസംഖ്യാനുപാതികമായി സൈനികശക്തിക്കും ഏറ്റക്കുറച്ചിലുണ്ടാകും. പക്ഷേ, എണ്ണത്തിലല്ല, യുദ്ധതന്ത്രങ്ങളിലും ആയുധങ്ങളുടെ സംഹാരശേഷിയിലുമാണു ജയപരാജയങ്ങൾ വ്യത്യസ്തമാകുന്നത്. അക്കാര്യത്തിൽ ഇസ്രയേലിനോടു കിടപിടിക്കാൻ അറബ് രാജ്യങ്ങൾക്കു കഴിയുന്നില്ലെന്ന് 1948 മുതലുള്ള എല്ലാ യുദ്ധങ്ങളും ലോകത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല സംഹരിക്കാൻ പുറപ്പെടുന്നവരെക്കാൾ അതിജീവനം കൊതിക്കുന്നവർക്കു പ്രഹരശേഷി കൂടുന്നതു സ്വാഭാവികവുമാണ്. ഓരോ യുദ്ധവും ഇസ്രയേലിന്റെ നിലനില്പിനെതിരെയുള്ള ആക്രമണമായിരുന്നു. അവയെ അതിജീവിക്കേണ്ടത് ഇസ്രയേലിന്റെ മാത്രം ആവശ്യവും. ജീവനു ഭീഷണി നേരിടുമ്പോൾ ഏതു ദുർബലനും ശക്തനായിരിക്കും. ശത്രുവിനെതിരെ അയാൾ സർവശക്തിയുമെടുത്തു പ്രഹരിക്കും. ഇസ്രയേലിന്റെ കാര്യത്തിൽ അതാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. എതിരാളികളെ നേരിടുന്നതിൽ സംഭവിക്കുന്ന ചെറിയൊരു വീഴ്ചപോലും തങ്ങളുടെ സർവനാശം ക്ഷണിച്ചുവരുത്തും എന്നവർക്കു ബോധ്യമുണ്ട്. അറബ് രാജ്യങ്ങൾക്ക് ഇസ്രയേലിനെ കൊന്നു രസിച്ചാൽ മതി. ഇസ്രയേലിനു പക്ഷേ, അങ്ങനെ കൊല്ലപ്പെടാൻ നിന്നുകൊടുക്കാൻ മനസ്സില്ല. ഈ വസ്തുത തിരിച്ചറിഞ്ഞല്ല ഇസ്രയേൽ വിരുദ്ധരുടെ പ്രതികരണങ്ങൾ. 'നിങ്ങൾ കഴുത്തു നീട്ടിക്കൊടുക്കൂ, അവരെന്തെങ്കിലും ചെയ്തുകൊള്ളട്ടെ. നിങ്ങൾക്കു ജീവിക്കാൻ അവകാശമില്ലല്ലോ, എന്ന മനുഷ്യത്വരഹിതമായ നിലപാടാണ്, എന്നും അവരുടേത്!

വിചിത്രമായ ഈ നിലപാടിന്റെ ഏറ്റവും പരിഹാസ്യമായ മുഖമാണ് 2023 ഒക്ടോബർ ഏഴിലെ ഹമാസ് ആക്രമണത്തിലും ലോകം കണ്ടത്.

കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ ലോകത്തിലുണ്ടായ ഏറ്റവും വലിയ ഭീകരാക്രമണമാണ് 2023 ഒക്ടോബർ ഏഴിനു ലോകം കണ്ടത്. അന്നൊരു ശനിയാഴ്ചയായിരുന്നു. യഹൂദരുടെ സാബത്തുദിവസം. ആളുകൾ ഉറക്കമുണർന്നു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. വെളുപ്പിന് 6.30. ഗാസഭാഗത്തുനിന്ന് 3000 ത്തിലധികം വരുന്ന ഹമാസ് ഭീകരസംഘം തെക്കൻ ഇസ്രയേലിലേക്ക് വെടിക്കോപ്പുകളും സ്ഫോടകവസ്തുക്കളുമായി ഇരച്ചുകയറി. ഗാസഭാഗത്തുനിന്നു തുരുതുരെ റോക്കറ്റുകൾ ഇസ്രയേൽഭാഗത്തേക്കു വന്നുകൊണ്ടിരുന്നു. അത് ആക്രമണകാരികൾക്കു പിൻബലം നല്കാനുള്ള ഭീകരവാദികളുടെ തന്ത്രമായിരുന്നു.

തെക്കൻ ഇസ്രയേലിൽ അന്നു നോവാമ്യൂസിക് ഫെസ്റ്റിവൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. നാലായിരത്തിലധികം ആളുകൾ അവിടെ സമ്മേളിച്ചിരുന്നു. ജനക്കൂട്ടത്തിനിടയിലേക്ക് ഇരച്ചുകയറിയ ഭീകരവാദികൾ കണ്ണിൽക്കണ്ടവരെയൊക്കെ വകവരുത്തി. നിമിഷങ്ങൾക്കുള്ളിൽ സംഗീതമേള കൊലക്കളമായി മാറി. ആളുകൾ നാലുഭാഗത്തേക്കും ചിതറിയോടി. 364 പേർ അവിടെത്തന്നെ മരിച്ചുവീണു. സെക്യൂരിറ്റിക്കാരുടെ തിരിച്ചടിയിൽ 20 ഭീകരരും കൊല്ലപ്പെട്ടു. 251 പേരെ ഹമാസ് തടവുകാരായി കൊണ്ടുപോയി.



ഇസ്രയേലിന്റെ ഇന്റലിജൻസ് സംവിധാനത്തിനു പറ്റിയ ഒരു പിഴവായിട്ടാണ് ഈ സംഭവം വിലയിരുത്തപ്പെടുന്നത്. ലോകത്തിലെ ഏറ്റവും മികച്ച ഇന്റലിജൻസ് സംവിധാനമാണ് ഇസ്രയേലിന്റെ മൊസാദ്. അവർക്കും പിഴവുപറ്റി. പക്ഷേ, ഏതാനും ദിവസങ്ങൾക്കുമുമ്പ്, ഇത്തരമൊരു ഭീകരാക്രമണസാധ്യതയെപ്പറ്റി ഈജിപ്ത് ഇസ്രയേലിനു മുന്നറിയിപ്പു നൽകിയിരുന്നുവെന്നും പറയപ്പെടുന്നു. അത്ര എളുപ്പത്തിലൊന്നും തങ്ങളെ ആക്രമിക്കാൻ കഴിയില്ലെന്ന അമിതവിശ്വാസമാകാം ഇസ്രയേലിനു വിനയായത്. ഹമാസുമായി ചില സമാധാനചർച്ചകൾ നടന്നുകൊണ്ടിരുന്ന സമയമായിരുന്നെന്നും സൂചനകളുണ്ട്.

അതെന്തായാലും, ഇത്രമേൽ ഭയങ്കരമായ ഒരു ബാഹ്യാക്രമണം 1948 നുശേഷം ഇസ്രയേലിനു നേരിടേണ്ടിവന്നിട്ടില്ല. ആകെ 1200 ഇസ്രയേൽപൗരന്മാർ കൊല്ലപ്പെട്ടു, സ്ത്രീകളും കുട്ടികളുമടക്കം രണ്ടായിരത്തിലധികം പേർക്കു പരിക്കേറ്റു. ആശുപത്രികൾ പരുക്കേറ്റവരെക്കൊണ്ടു നിറഞ്ഞു. വഴികളിലെല്ലാം നിലയുറപ്പിച്ചിരുന്ന ഭീകരരെ മറികടന്ന് പരിക്കേറ്റവരെ ആശുപത്രികളിലെത്തിക്കുന്നതും എളുപ്പമായിരുന്നില്ല.

ഇസ്രയേൽ തിരിച്ചടിക്കാൻ ഒട്ടും വൈകിയില്ല. രാവിലെ 10.47 നുതന്നെ ഗാസയിലേക്ക് ആദ്യത്തെ വ്യോമാക്രമണമുണ്ടായി. പിറ്റേന്ന് ഗാസയിലേക്കുള്ള വൈദ്യുതി വിച്ഛേദിച്ചു. വ്യോമാക്രമണങ്ങൾ കടുത്തതോടെ ഗാസയിൽനിന്ന് അഭയാർഥിപ്രവാഹവും ആരംഭിച്ചു. ഗാസയുടെ വടക്കുഭാഗത്തുനിന്നു ജനങ്ങൾ ഒഴിഞ്ഞുപോകണമെന്ന് ഇസ്രയേൽ അന്ത്യശാസനം നല്കി. അതോടെ വടക്കൻഗാസയിലെ പലസ്തീനികൾ കൂട്ടത്തോടെ ഗാസയുടെ തെക്കുഭാഗത്തേക്കു പലായനം ചെയ്തു.

ഗാസയിൽ ഹമാസ് നടത്തിയ ഒരേയൊരു വികസനപ്രവർത്തനം തുരങ്കനിർമാണമാണ്. 365 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ആ പ്രദേശത്ത് 800 ലധികം കിലോമീറ്റർ ദൈർഘ്യം വരുന്ന തുരങ്കങ്ങളുണ്ട്. ഭീകരരുടെ ഒളിത്താവളമായും ആയുധങ്ങളുടെ സംഭരണശാലയായും ഉപയോഗിക്കുകയെന്നതായിരുന്നു ഉദ്ദേശ്യം. മിക്കവാറും എല്ലാ ആശുപത്രികളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും അടിഭാഗത്തു തുരങ്കങ്ങളുണ്ട്. ഭീകരരുടെ താവളം ലക്ഷ്യമാക്കി നടത്തുന്ന മിസൈൽ ആക്രമണങ്ങളിൽ ആശുപത്രികളും വിദ്യാലയങ്ങളും തകർന്നുപോകുന്നതിന്റെ കാരണമിതാണ്.

ഹമാസ് ഭീകരർ പൊതുവെ ജനങ്ങൾക്കിടയിലാണു താമസം. അതുകൊണ്ട് അവരെ ലക്ഷ്യം വച്ചുള്ള യുദ്ധനീക്കങ്ങളിൽ നിരപരാധികളായ സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെയുള്ളവർ മരിക്കുന്നു. ഹമാസിനു ജനങ്ങളെപ്പറ്റി ഉത്കണ്ഠയില്ല. കാരണം, ഗാസയിലെ 85 % ജനങ്ങളും അഭയാർഥികളാണ്. സ്വന്തം ജനങ്ങളെപ്പറ്റിപ്പോലും ആകുലതയില്ലാത്തവർക്ക് അഭയാർഥികളായെത്തിയിരിക്കുന്നവരെപ്പറ്റി എന്തെങ്കിലും കരുതലുണ്ടാകമോ? കൊല്ലപ്പെടുന്നവരിൽ നല്ലൊരു ഭാഗം ഭീകരപ്രവർത്തകർതന്നെയാണ്. അവരെയും പ്രദേശവാസികളെയും വേർതിരിച്ചറിയാൻ നിർവാഹമില്ലല്ലോ. അതുകൊണ്ടുതന്നെ മരണസംഖ്യയും വർധിക്കുന്നു.

ഒക്ടോബർ 28 ന് ഐക്യരാഷ്ട്രസഭ ഒരു പ്രമേയം പാസാക്കി. ജനങ്ങൾക്കു ജീവകാരുണ്യസഹായമെത്തിക്കാൻവേണ്ടി ഇരുകൂട്ടരും വെടിനിർത്തണമെന്നതായിരുന്നു പ്രമേയത്തിന്റെ ഉള്ളടക്കം. അതുകൊണ്ടുപക്ഷേ, പ്രയോജനമുണ്ടായില്ല. പിന്നീട് ഖത്തർ മുൻകൈയെടുത്തു നടത്തിയ ചർച്ചകളുടെ ഫലമായി നവംബർ 23 ന് താത്കാലികയുദ്ധവിരാമമുണ്ടായി, ഒരാഴ്ചത്തേക്കുമാത്രം. ഈ സമയത്തു 105 തടവുകാരെ ഹമാസും 240 തടവുകാരെ ഇസ്രയേലും വിട്ടയച്ചു.

ഇത്തരത്തിലുള്ള ഹ്രസ്വകാല വെടിനിർത്തലുകൾ ഒരുതരത്തിൽ പറഞ്ഞാൽ, ഒരു തന്ത്രമാണ്. കിട്ടുന്ന ഇടവേളകൊണ്ടു കൂടുതൽ കരുത്താർജിക്കുക. കൂടുതൽ ആയുധങ്ങൾ സംഭരിക്കാം. കൂടുതൽ പോരാളികളെ റിക്രൂട്ട് ചെയ്യാം. ഇരുകൂട്ടർക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇസ്രയേൽ - ഹമാസ് വെടിനിർത്തലിലും ഇതൊക്കെത്തന്നെയായാണു സംഭവിച്ചത്.

ഒരാഴ്ചത്തേക്കുള്ള വെടിനിർത്തിൽ ഒരു ദിവസം പോലും കൂടുതൽ നീണ്ടില്ല. ഡിസംബർ ഒന്നിനുതന്നെ ഏറ്റുമുട്ടൽ പുനരാരംഭിച്ചു. ഇപ്പോൾ മുഴുവനർഥത്തിലും ഹമാസ് പ്രതിരോധത്തിലാണ്. ഒക്ടോബർ ഏഴിനു മറിച്ചായിരുന്നു. ഹമാസ്ഭീകരരെ ഒന്നൊഴിയാതെ ഇല്ലാതാക്കുകയാണ് ഇസ്രയേലിന്റെ ലക്ഷ്യം. മൂന്നുദശകങ്ങളായി ഹമാസിന്റെ ഭീകരാക്രമണത്തിനിരയാണ് ഇനിയും ക്ഷമിക്കാനാവില്ല എന്നാണവരുടെ നിലപാട്. മറുവശത്തും ലക്ഷ്യം ഒരു തുടച്ചുനീക്കൽതന്നെ; ഇസ്രയേലിന്റെ. അതുകൊണ്ടുതന്നെ ഇതൊരു ജീവന്മരണ പോരാട്ടമാണ്.

ഡിസംബറിന്റെ ആരംഭത്തിൽ ലോകരാഷ്ട്രങ്ങളുടെ ഉത്കണ്ഠവർധിപ്പിച്ചുകൊണ്ട് ഗാസയിലെ മരണസംഖ്യ 15000 കവിഞ്ഞു. ഒരു മാസംകൂടി പിന്നിട്ടപ്പോഴേക്കും മരണസംഖ്യ 25000 കടന്നു. ഇതിനിടയിലും സമാധാനചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. 2024 ഫെബ്രുവരിയിൽ കെയ്റോയിൽ ഇത്തരത്തിലൊരു ചർച്ച നടന്നെങ്കിലും അതു വിജയിച്ചില്ല.

വീണ്ടും ഓഗസ്റ്റ് 25 ന് അമേരിക്ക, ഖത്തർ, ഈജിപ്ത് എന്നീ രാജ്യങ്ങൾ മധ്യസ്ഥരായി ഒരു ചർച്ച ദോഹയിൽ നടന്നു. അതും പരാജയപ്പെട്ടു. ഇത്രയുമായപ്പോഴേക്കും ഖത്തർ നിരാശരായി. സമാധാനചർച്ചയിൽനിന്നു തങ്ങൾ പിൻവാങ്ങുകയാണെന്ന് നവംബർ ഒമ്പതിന് ഖത്തർ പ്രഖ്യാപിച്ചു. എങ്കിലും ഡിസംബർ ആയപ്പോഴേക്കും സമാധാനശ്രമങ്ങൾ ഊർജിതമായി. ഖത്തറും അതിൽ പങ്കാളിയായി. അപ്പോഴേക്കും ഗാസയിലെ മരണം 45000 കടന്നിരുന്നു.

ഒടുവിൽ അതു യാഥാർഥ്യമായി. അമേരിക്ക, ഖത്തർ, ഈജിപ്ത് എന്നിവർ മുൻകൈയെടുത്തു നടത്തിയ 15 ദിവസം നീണ്ട മധ്യസ്ഥചർച്ചയാണ് 2025 ജനുവരി 15 ന് ഫലപ്രാപ്തിയിലെത്തിച്ചത്. ഇസ്രയേലും ഹമാസും വെടിനിർത്തൽ കരാർ അംഗീകരിച്ചു. ഖത്തർ പ്രധാനമന്ത്രിയാണ് ഈ സന്തോഷവാർത്ത ലോകത്തെ അറിയിച്ചത്. ■



**വചനനാളം**

**സെപ്റ്റംബർ 21**
**ഏലിയാസ്ലീവാ മൂശക്കാലം**
**മൂന്നാം ഞായർ**
**സ്ലീവാ രണ്ടാം ഞായർ**

**നിയ 9:1–6**
**ഏശ 25:1–8**
**ഫിലി 3:1–11**
**മത്താ 17:14–21**

# തിന്മയുടെമേൽ ആധിപത്യം നേടാൻ



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ



നിയമാവർത്തനപ്പുസ്തകത്തിൽനിന്നുമുള്ള വായന ശ്രവിച്ചുകഴിയുമ്പോൾ നമ്മുടെ മനസ്സിലേക്കുവരുന്ന ഒരു ചോദ്യമാണ് ദൈവം എന്തുകൊണ്ട് ഇപ്രകാരം പ്രവർത്തിക്കുന്നുവെന്നത്. ഒരു ജനതയെ പാർപ്പിക്കാൻവേണ്ടി മറ്റൊരു ജനതയെ നിഷ്ഠുരം നശിപ്പിക്കുന്നത് എന്തുകൊണ്ട്? ശക്തരായ ജനതയെ അവിടെനിന്നു മാറ്റി ഇസ്രയേലിനെ അവിടെയാക്കുന്നത് അവരുടെ എന്തെങ്കിലും മേന്മ കൊണ്ടോ അവകാശം കൊണ്ടോ അല്ല; മറിച്ച്, അവിടെയുണ്ടായിരുന്ന ദുഷ്ടതനിമിത്തമാണ് എന്നാണ് വചനം പറയുന്നത്. എന്നു മാത്രമല്ല, ദൈവം അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടിയോടു കർത്താവ് വിശ്വസ്തത പുലർത്തുന്നതു മൂലവുമാണ്. ദുഷ്ടതയെ, തിന്മയെ ഇല്ലാതാക്കുന്ന ദൈവത്തിന്റെ മുഖമാണ് ഇന്നത്തെ തിരുവചനം നല്കുന്നത്.

വിശുദ്ധബൈബിളിന്റെ ആദ്യ അധ്യായങ്ങൾമുതൽ തിന്മയെ ഇല്ലാതാക്കുന്ന ദൈവത്തെയാണ് നാം കാണുന്നത്. ക്രമരാഹിത്യത്തെ ഇല്ലാതാക്കി എല്ലാം ക്രമപ്പെടുത്തിക്കൊണ്ടും ശൂന്യമായതിനെ നിറച്ചുകൊണ്ടും സൃഷ്ടികർമം നടത്തുന്ന ദൈവം എല്ലാം നല്ലതായി ക്രമീകരിച്ചു. തുടർന്നുവരുന്ന അധ്യായങ്ങളിലെല്ലാം, തിന്മയുണ്ടാകുമ്പോൾ, ദുഷ്ടത പെരുകുമ്പോൾ ദൈവം ഇടപെടുന്നതും തിന്മയെ തുടച്ചുനീക്കുന്നതും കാണാം. അപ്രകാരം തിന്മയെ നിർമാജനം ചെയ്യുന്നു എന്ന ഒരു സന്ദേശമാണ് ഇന്നത്തെ ആദ്യവായനയിൽനിന്നു മനസ്സിലാക്കേണ്ടത്. അവിടെയുണ്ടായിരുന്ന ജനതകളെ നശിപ്പിക്കുന്നു എന്നതിലൂടെ തിന്മയുടെ നശീകരണമാണു വിവക്ഷിക്കുന്നത്. പ്രത്യേകിച്ച്, ദൈവം ഒരുവൻമാത്രമേയുള്ളു എന്നു വചനം പഠിപ്പിക്കുമ്പോൾ ദൈവമല്ലാത്തതിനെ ദൈവമായിട്ട് ആരാധിക്കുന്ന വലിയ തിന്മയാണ് ഇവിടെ വിവക്ഷ. ഇപ്രകാരം ദൈവമല്ലാത്തതിനെ ദൈവമായി ആരാധിക്കുന്നത് വലിയ മ്ലേച്ഛതയായാണ് വി. ബൈബിൾ കാണുന്നത്. ആ തിന്മയെ ഇല്ലാതാക്കുക, സകല ദുഷ്ടതയും നീക്കിക്കളയുക എന്ന കാര്യമാണ് ഇവിടെ പ്രതിപാദ്യം. തിന്മ എന്തു വലിയ ശക്തിയാണെങ്കിലും, ദൈവം അവയെ പൂർണമായും നശിപ്പിക്കുന്നു എന്നുള്ള പാഠമാണ് നല്കുന്നത്. അതുകൊണ്ടാണ് ഐതിഹാസിക കഥാപാത്രങ്ങളായ അനാക്കീമുകളെക്കുറിച്ചു പറയുന്നത്. കർത്താവിന്റെ ജ്വലിക്കുന്ന ക്രോധത്തിനുമുമ്പിൽ അതു നീക്കം ചെയ്യപ്പെടുമെന്ന് വചനം പറയുന്നു. ഇസ്രായൽജനതയും ദൈവം നല്കിയ നാട്ടിൽ വിശ്വസ്തതയോടെ ജീവിച്ചില്ലെങ്കിൽ പുറത്താക്കപ്പെടുമെന്ന കാര്യവും ദൈവം മുൻകൂട്ടിപറയുന്നുണ്ട്. ഇസ്രയേലിന്റെ ചരിത്രത്തിൽ അതു നിറവേറിയിട്ടുമുണ്ട്. ഇസ്രയേൽജനത ദൈവത്തെ ഉപേക്ഷിച്ച് അന്യദൈവങ്ങളുടെ പിന്നാലെ പോയി മ്ലേച്ഛപാപം ചെയ്തതിന്റെ ഫലമായിട്ടാണ് അവർക്കു ദേശം നഷ്ടപ്പെടുകയും ഇസ്രയേൽജനത അടിമത്തത്തിലേക്കു പോവുകയും ചെയ്തത്.

**തിന്മയെ പരാജയപ്പെടുത്തിയ സ്ലീവായുടെ മാർഗത്തിൽ യാത്രചെയ്ത് അന്തിമനാളിൽ വിധിയാളനായി മഹത്ത്വത്തിൽ പ്രത്യക്ഷപ്പെടുന്ന മിശിഹായെ അഭിമുഖീകരിക്കുന്നതിന് ഒരുങ്ങിയിരിക്കണമെന്നാണ് ഏലിയ സ്ലീവാ മൂശക്കാലം ആഹ്വാനം ചെയ്യുന്നത്. തിന്മയെയും തിന്മയുടെ മ്ലേച്ഛതകളെയും പരിപൂർണമായി ഉപേക്ഷിച്ച് സ്ലീവായുടെ പാതയിൽ മുന്നേറാൻ ഇന്നത്തെ തിരുവചന പ്രഘോഷണങ്ങളെല്ലാം പ്രചോദിപ്പിക്കുന്നു.**

രണ്ടാമത്തെ വായന ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ളതാണ്. ഇവിടെ അവിശ്വസ്തത കാണിക്കുന്ന പട്ടണം കൽക്കൂമ്പാരമാകുമെന്നും സുരക്ഷിതമായ നഗരം ശൂന്യമാക്കപ്പെടുമെന്നും കാണുന്നു. കർത്താവ് പാവപ്പെട്ടവർക്കു കോട്ടയും കഷ്ടപ്പാടിന്റെ കാലത്ത് ഉറപ്പുള്ള അഭയസ്ഥാനവുമാണ് എന്ന് പ്രവാചകൻ പറയുന്നു. ദുഷ്ടതയെ നശിപ്പിക്കുന്നവനും ബലഹീനനെ സംരക്ഷിക്കുന്നവനുമായ കർത്താവിന്റെ ചിത്രമാണ് ഈ വചനഭാഗത്തും കാണുന്നത്.

ലേഖനത്തിൽ, സഹോദരരേ, നിങ്ങൾ കർത്താവിൽ സന്തോഷിക്കുവിൻ, അത് നിങ്ങൾക്ക് സുരക്ഷിതത്വം നല്കുമെന്നും തിന്മ പ്രവർത്തിക്കുന്നവരെയും അംഗവിച്ഛേദം നടത്തുന്നവരെയും സൂക്ഷിച്ചുകൊള്ളുവിൻ എന്നും ഉപദേശം നല്കുന്നുണ്ട്. എശയ്യാപ്രവാചകൻ പറഞ്ഞ സുരക്ഷിതമായ കോട്ടയും അഭയസ്ഥാനവും കർത്താവായ മിശിഹായാണെന്നു ഫിലിപ്പിയിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു. ഈശോമിശിഹായെക്കുറിച്ചുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ അവനെ നേടാനായി സർവവും നഷ്ടമായി ശ്ലീഹാ കരുതുന്നു. മിശിഹായുമായി ഒന്നായിമാറുകയാണ് തന്റെ ലക്ഷ്യം എന്ന് ശ്ലീഹാ ഓർമിപ്പിക്കുന്നു. മിശിഹായോട് അനുരൂപപ്പെടുന്നവരാകാൻ ശ്ലീഹാ നമ്മെയും ക്ഷണിക്കുന്നു. ജീവിതം കൊണ്ടാണെങ്കിലും മരണം കൊണ്ടാണെങ്കിലും മിശിഹാ മഹത്ത്വപ്പെടണം എന്നാണ് ശ്ലീഹാ ആഗ്രഹിക്കുന്നത്.

ദുഷ്ടതയുടെ ശക്തിയിൽനിന്ന് എപ്രകാരം വിടുതൽ നേടാമെന്നാണ് സുവിശേഷവും പങ്കുവയ്ക്കുന്നത്. രൂപാന്തീകരണത്തിന്റെ മലയിൽനിന്ന് ഈശോ താഴ്‌വാരത്തേക്കു വരുമ്പോൾ വലിയ ജനക്കൂട്ടം ഈശോയുടെ ശിഷ്യന്മാരുടെ ചുറ്റും കൂടിയിരിക്കുകയാണ്. അവരുടെ ആവശ്യം ഒരു ബാലനെ പിശാചുബാധയിൽനിന്നും വിമോചിപ്പിക്കുക എന്നതാണ്. ശിഷ്യന്മാർക്ക് അതു സാധിക്കുന്നില്ല. അവർ ഈശോ വരാൻ കാത്തിരിക്കുകയാണ്. ഈശോ പിശാചിനെ ശാസിച്ചപ്പോൾ അതു ബാലനെ വിട്ടുപോയി. പിന്നീട്, തങ്ങൾക്ക് എന്തുകൊണ്ടാണ് ആ തിന്മയുടെ മേൽ ആധിപത്യം നേടാൻ സാധിക്കാഞ്ഞത് എന്നു ശ്ലീഹന്മാർ ചോദിച്ചപ്പോൾ വിശ്വാസരാഹിത്യംമൂലം എന്നാണ് ഈശോ പറഞ്ഞത്. പ്രാർഥനയും ഉപവാസവുംകൊണ്ടേ ദുഷ്ടാരൂപിയുടെമേൽ വിജയം നേടാൻ സാധിക്കുകയുള്ളൂ എന്ന് ഈശോതന്നെ പറയുന്നുണ്ട്. പൗലോസ് ശ്ലീഹായും ഈശോമിശിഹായിലുള്ള വിശ്വാസമാണ് ദുഷ്ടതയുടെ മേൽ വിജയം നേടുവാനുള്ള മാർഗമായി പറയുന്നത്. ജീവിതത്തിലെ ഏതു പ്രതിസന്ധിയെയും വിശ്വാസമെന്ന ദൈവികപുണ്യംകൊണ്ട് വിജയിക്കാനാകും എന്നാണ് സുവിശേഷം പറയുന്നത്. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയോടു മാറി മറ്റൊരു സ്ഥലത്ത് ആയിരിക്കാൻ പറഞ്ഞാൽ അതു സാധിക്കും. മലതന്നെ ഒരു പ്രതിസന്ധിയുടെ പ്രതീകമാണ്. അതു മാറ്റപ്പെടാൻ വിശ്വാസത്തിന്റെ കണ്ണുകൾ വേണം. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു കണ്ടാൽ ഏതു പ്രതിസന്ധിയെയും തരണം ചെയ്യാമെന്നു പാഠം.

തിന്മയെ പരാജയപ്പെടുത്തിയ സ്ലീവായുടെ മാർഗത്തിൽ യാത്രചെയ്ത് അന്തിമാനാളിൽ വിധിയാളനായി മഹത്ത്വത്തിൽ പ്രത്യക്ഷപ്പെടുന്ന മിശിഹായെ അഭിമുഖീകരിക്കുന്നതിന് ഒരുങ്ങിയിരിക്കണമെന്നാണ് ഏലിയാ സ്ലീവാ മൂശെക്കാലം ആഹ്വാനം ചെയ്യുന്നത്. തിന്മയെയും തിന്മയുടെ മ്ലേച്ഛതകളെയും പരിപൂർണമായി ഉപേക്ഷിച്ച് സ്ലീവായുടെ പാതയിൽ മുന്നേറുവാൻ ഇന്നത്തെ തിരുവചനപ്രഘോഷണങ്ങളെല്ലാം പ്രചോദിപ്പിക്കുന്നു.

■

# തീരുവയുദ്ധത്തിലെ ജയപരാജയങ്ങൾ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

അമേരിക്കൻ പ്രസിഡന്റ് രാഷ്ട്രീയക്കാരനായ കച്ചവടക്കാരനാണോ കച്ചവടക്കാരനായ രാഷ്ട്രീയക്കാരനാണോ എന്ന ചോദ്യത്തിന് കച്ചവടക്കാരനായ രാഷ്ട്രീയക്കാരൻ എന്ന അഭിപ്രായത്തിനാകും കൂടുതൽ പിന്തുണ ലഭിക്കുക. പ്രസിഡന്റ് ട്രംപ് ഡീലുകളിൽ വിശ്വസിക്കുന്നു. അമേരിക്കയ്ക്കു ലാഭമുണ്ടാക്കുന്ന തീരുമാനങ്ങൾ സ്വീകരിക്കാൻ രണ്ടാമതൊന്ന് ആലോചിക്കാത്ത പ്രകൃതമാണ് അദ്ദേഹത്തിന്റേതെന്നു തെളിയിക്കുന്ന സംഭവങ്ങൾ പലതുണ്ട്. ഇന്ത്യയ്ക്കെതിരേ പ്രഖ്യാപിച്ച തീരുവയുദ്ധം അത്തരത്തിലുള്ള ഒന്നായിരുന്നു. 25 ശതമാനം തീരുവപോലും താങ്ങാനാവാത്ത അവസ്ഥയിലാണ് അത് 50 ശതമാനം പിഴച്ചുങ്കമാക്കി മാറ്റിയത്.

പ്രധാനമന്ത്രി മോദിജിയോട് സൗഹൃദം പ്രഖ്യാപിക്കുകയും പ്രകടിപ്പിക്കുകയും ചെയ്ത പ്രസിഡന്റ് ട്രംപിൽനിന്ന് ഇത്ര കടുത്ത നിലപാട് ആരും പ്രതീക്ഷിച്ചതല്ല. അമേരിക്കൻപ്രസിഡന്റിന്റെ സൗഹൃദം ഇന്ത്യൻപ്രധാനമന്ത്രിയോടായിരുന്നോ 140 കോടിയിലധികം ഗുണഭോക്താക്കളുള്ള ഇന്ത്യൻ വിപണിയോടായിരുന്നോ എന്നു മാറിച്ചിന്തിക്കാൻ ജനങ്ങൾ നിർബന്ധിതരായിരിക്കുന്നു. ഇരുരാജ്യങ്ങൾക്കും നല്ലത് രാജ്യങ്ങൾതമ്മിലുള്ള വാണിജ്യബന്ധങ്ങൾതന്നെയാണ്. കാരണം, വ്യക്തികൾ മാറിമാറി വരും. നയങ്ങൾ അതിനനുസരിച്ചു മാറാതിരിക്കുന്നതാണ് രാജ്യത്തിന്റെ ഭാവിക്കും വികസനത്തിനും ഗുണകരം.

2030 ആകുമ്പോഴേക്കും വ്യാപാരം 50,000 കോടി ഡോളാറാക്കാനും ഈ നവംബറിൽ ഇടക്കാലകരാർ ഉണ്ടാക്കാനും ധാരണയുണ്ടായിരുന്ന അവസ്ഥയിലാണ് തീരുവനയത്തിൽ അപ്രതീക്ഷിതമാറ്റങ്ങൾ സംഭവിച്ചത്. ഇന്ത്യയ്ക്കെതിരേ പിഴച്ചുങ്കം ചുമത്താൻ ട്രംപിനെ പ്രേരിപ്പിച്ചത് ഇന്ത്യ റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നതാണെന്ന വാദം യുക്തിഭദ്രമായി തോന്നുന്നില്ല. കാരണം, രണ്ടു വർഷം മുമ്പ് പ്രസിഡന്റ് ബൈഡന്റെ കാലംമുതൽ ഇന്ത്യ റഷ്യയിൽനിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നതാണ്. മറ്റു രണ്ടു കാരണങ്ങൾ പ്രസിഡന്റ് ട്രംപിനെ പ്രകോപിപ്പിച്ചിരിക്കാം എന്നു കരുതുന്നതിൽ ന്യായമുണ്ട്. അതിൽ ആദ്യത്തേത് ഇന്ത്യയുടെ വിശാലവിപണി നിരുപാധികം അമേരിക്കയ്ക്കു തുറന്നുകൊടുക്കാൻ വിസമ്മതിച്ചു എന്നതാണ്. രണ്ടാമത്തെ കാരണം, കുറേക്കൂടി വൈകാരികമാണ്. പഹൽഗ്രാം ഭീകരാക്രമണത്തിൽ ഓപ്പറേഷൻ സിന്ദൂർ വഴിയാണ് ഇന്ത്യ തിരിച്ചടിച്ചത്. ഇന്ത്യയുടെ ആക്രമണം അവസാനിപ്പിച്ചത് പ്രസിഡന്റ് ട്രംപിന്റെ മധ്യസ്ഥശ്രമങ്ങൾ വഴിയായിരുന്നുവെന്ന് അദ്ദേഹംതന്നെ മാധ്യമങ്ങളിലൂടെ ലോകത്തെ അറിയിച്ചു. ഇന്ത്യയാകട്ടെ, അമേരിക്കൻപ്രസിഡന്റിന്റെ വാദഗതിയെ നിരുപാധികം തള്ളിക്കളഞ്ഞു. കാലങ്ങളായി അമേരിക്കൻ പ്രീതിക്കുവേണ്ടി തല കുനിച്ചുനിന്നിരുന്ന ഇന്ത്യൻനയത്തിലെ മാറ്റം അമേരിക്കയെ പ്രകോപിപ്പിച്ചിട്ടുണ്ടാകണം. ലോക പൊലീസെന്ന നിലയിൽ പണ്ട് സൈനികമേധാവിത്വമായിരുന്നു അമേരിക്കയ്ക്കു പ്രധാനം. ഇന്ന് പ്രസിഡന്റ് ട്രംപിനു താത്പര്യം സാമ്പത്തിക സാങ്കേതികവിദ്യാ മേഖലകളിലെ മേധാവിത്വമാണ്.



അമേരിക്ക ഇടഞ്ഞാൽ ഇന്ത്യയ്ക്ക് എന്തു സംഭവിക്കുമെന്നു ചോദിക്കുന്നവരുണ്ട്. വാണിജ്യബന്ധങ്ങൾ മുറിഞ്ഞാൽ അമേരിക്കയെക്കാൾ നഷ്ടമുണ്ടാകാൻ പോകുന്നത് ഇന്ത്യയ്ക്കായിരിക്കും. എട്ടു ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ ഇന്ത്യ അമേരിക്കയിലേക്കു കയറ്റിയയയ്ക്കുന്നുണ്ട്. അതു മുടങ്ങിയാൽ പെട്ടെന്ന് അത്രയും വലിയൊരു മാർക്ക് കണ്ടെത്താൻ ഇന്ത്യയ്ക്കു സാധിക്കില്ല. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും ജപ്പാനും ഗൾഫ് രാജ്യങ്ങളും ഒന്നിച്ചുചേർന്നാലും ഈ വിടവു നികത്തുക എളുപ്പമല്ല. ഇന്ത്യയിൽനിന്നുള്ള അമേരിക്കൻ ഇറക്കുമതി മൊത്തം ഇറക്കുമതിയുടെ 2.7 ശതമാനം മാത്രമാണ്. മറ്റു രാജ്യങ്ങളിൽനിന്ന് അവർക്ക് അതു നിഷ്പ്രയാസം സ്വന്തമാക്കാൻ കഴിയും.

പിഴച്ചുങ്കത്തിലേക്ക് എത്തുന്നതിനു മറ്റൊരു കാരണമായി കരുതാവുന്നത് അമേരിക്കയിൽ വർധിച്ചുവരുന്ന തൊഴിലില്ലായ്മയാണ്. ആവശ്യമുള്ള ഉത്പന്നങ്ങൾ രാജ്യത്തുതന്നെ നിർമ്മിക്കുന്ന അവസ്ഥയുണ്ടായാൽ തൊഴിലിലും വരുമാനത്തിലും വർധനയുണ്ടാകും. അങ്ങനെ ആഭ്യന്തരപ്രശ്നങ്ങൾക്ക് ചെറിയൊരു പരിഹാരമാകും. ഇന്ത്യയുമായി ബന്ധം വിച്ഛേദിക്കാൻ താത്പര്യമില്ലെന്നു കഴിഞ്ഞ ദിവസം മാധ്യമങ്ങളുടെ ചോദ്യത്തിനു ട്രംപ് മറുപടി പറഞ്ഞത് പിഴച്ചുങ്കം പിൻവലിച്ചും ഇന്ത്യയുമായി കച്ചവടബന്ധം തുടരാനുള്ള സാധ്യതയെ സൂചിപ്പിക്കുന്നതായി കരുതുന്നവരുണ്ട്. സൈദ്ധാന്തികപിടിവാശിയില്ലാത്ത ട്രംപ് ഏതു തീരുമാനത്തിനും തയ്യാറാകും.

■

---

ഓർമച്ചെപ്പ്

ജിജോ ജോസഫ് എൻ.

## മോന്റെ ഓണം

മോൻ... അവനെ എല്ലാരും അങ്ങനാ വിളിക്കാറ്... എല്ലാരും...

കുടുംബച്ചങ്ങലയിലെ അവസാനകണ്ണി ആയതിനാലും ആൾവലുപ്പത്തിൽ നന്നേ ചെറുതായതുകൊണ്ടുമായിരിക്കണം. പക്ഷേ, ആശയങ്ങൾ മസ്തിഷ്കത്തിൽ കുടികിടപ്പവകാശം കണ്ടെത്തിയാൽ എന്തു ചെയ്യും? മോനേ... ആ വിളി പിന്നീട് അവനിൽ അപകർഷതാബോധത്തിന്റെ മാറാപ്പു ചാർത്തുന്നതിൽ തെല്ലു വിജയിക്കാതിരുന്നില്ല.

*   *   *

കോരിച്ചൊരിയുന്ന മഴത്തുള്ളികൾ ആ കുടിലിന്റെ ചാണകം മെഴുകിയ തറയിൽ അവന്റെ കാൽവിരലുകൾ കടക്കുന്ന ചെറുകുഴികൾ സൃഷ്ടിച്ചിരിക്കുന്നു. ഉണ്ണിയപ്പക്കുഴികൾപോലെ.

"മോനെന്തിനാ വന്നേ?"

അവന് ഉത്തരമില്ലായിരുന്നു.

"സാറും ടീച്ചറും സ്കൂളിൽ പോയോ?"

"ഇല്ല."

"പിന്നെ?"

ഭവാനിയമ്മ ചോദ്യം മുഴുമിച്ചില്ല. പാവയ്ക്കൽതോട് മഴയിൽ മതിമറന്ന് ഒഴുകുന്നത് ഒരുപക്ഷേ, അവന്റെ ശ്രദ്ധ ആകർഷിച്ചിരിക്കണം.

വേനലിന്റെ സകലമാലിന്യങ്ങളും, കരിയിലക്കൂട്ടവും ഞെരിച്ചുടച്ച് എവിടെയെങ്കിലുമൊക്കെ നിക്ഷേപിക്കുവാനുള്ള അവളുടെ വരവ്, ചുവന്നുകലങ്ങി അതിദ്രുതഗതിയിലുള്ള അവളുടെ ഓട്ടം..,

"വാ ഇരിക്ക്." ഭവാനിയമ്മ കൊരണ്ടികളിലൊരെണ്ണം ഇടങ്കാൽകൊണ്ട് അവന്റെ നേർക്കു തള്ളിയിട്ടു. പേരമരച്ചുവട്ടിൽ ഇന്നലെ താനും സുനിതച്ചേച്ചിയുമിട്ട ഓണപ്പൂക്കളം. അതിങ്ങനെ മഴയത്ത് ചിതറിത്തെറിച്ച് മണ്ണിനോടു ചേർന്നിരിക്കുന്നു. ആവൂ... മഴയൊന്ന് നാവടച്ചിട്ടു വേണം ചേച്ചിയെ കൂട്ടി ഒരെണ്ണമിടാൻ. അവന്റെയുള്ളിൽ സന്തോഷം വീണ്ടും തുടികൊട്ടിയുയരാൻ തുടങ്ങി.

*   *   *

"ഒന്നും പറഞ്ഞില്ലല്ലോ, കണ്ടത്തിലെ മോൻ എന്തിനാ വന്നത്?" അകത്തുനിന്ന് മാധവൻചേട്ടന്റെ ശബ്ദം അവനെ തെല്ല് ആശയക്കുഴപ്പിത്തിലാക്കി. എങ്കിലും ഭവാനിയമ്മ ശർക്കരപ്പാത്രത്തിൽനിന്ന് ശർക്കരയുണ്ടകൾ ഒന്നൊന്നായി പുറത്തെടുക്കുന്നതു കണ്ടപ്പോൾ അവന്റെയുള്ളിൽ പ്രതീക്ഷകൾ തളിർത്തു. അവറ്റകൾ അവനെ നോക്കി എന്തൊക്കെയോ മിണ്ടിക്കൊണ്ടിരുന്നു. ചിലവ പൊട്ടിച്ചിരിച്ച് തമാശമട്ടിൽ അവനെ കളിയാക്കുന്നുമുണ്ടായിരുന്നു.

"ഭവാനിയമ്മേ പായസം, ഓണപ്പായസം," "ആഹാ... ഓണപ്പായസത്തിനാനിന്റെ വരവല്ലേ. ഭവാനിയമ്മ ഇപ്പം തരാട്ടോ," ആവി പറക്കുന്ന ചൂടുപായസം ചായക്കറ അതിർവരമ്പുകളിട്ട സ്റ്റീൽഗ്ലാസിൽ മോന്തുമ്പോൾ ലോകം പിടിച്ചടക്കിയവന്റെ സന്തോഷമായിരുന്നു അവന്. അവരുടെ തടുക്കിട്ട ചേലത്തുമ്പിന് വിയർപ്പിന്റെ കരിപുരണ്ട ഗന്ധം താജൂദിന്റെ അത്തറുകടയിൽനിന്ന് ഒഴുകിപ്പരക്കുന്ന സുഗന്ധംപോലെ അവനു തോന്നി.

അപ്പോഴും ഓലമേഞ്ഞ ആ ഒറ്റമുറിക്കുടിലിന്റെ മേൽക്കൂരയിൽ തളംകെട്ടിയ മഴത്തുള്ളിക്കൂട്ടം അടുപ്പുകല്ലിൽ ഞെരിഞ്ഞമരുന്ന കനൽക്കട്ടകളിൽ പതിക്കാൻ വെമ്പൽക്കൊള്ളുന്നുണ്ടായിരുന്നു.

---

## മിഴിയിതൾപ്പൂക്കൾ

*10-ാം പേജ് തുടർച്ച*

"നീയാ ചോറു വിളമ്പിവച്ചിരിക്കുന്നതു കഴിക്ക്. അതുകഴിഞ്ഞ് പപ്പായെ പറഞ്ഞു ബോധ്യപ്പെടുത്ത്. ഇന്നുതന്നെ നമുക്കു മൂന്നുപേർക്കുംകൂടി അവനെ പോയിക്കാണാം." മേരിക്കുട്ടി പറഞ്ഞു.

ഷേർലിക്കു നല്ല വിശപ്പുണ്ടായിരുന്നു. ചൂടുചോറും മീൻ വറുത്തതും പച്ചപ്പയർ തോരനും പുളിശ്ശേരിയും കൂട്ടി വയറുനിറയെ കഴിച്ചു. മാത്തുക്കുട്ടി പുറത്തേക്കു പോകാൻ തയ്യാറെടുക്കുന്നതുകണ്ട് ഷേർലി അടുത്തു ചെന്നു.

"പപ്പാ, റോണിയെ ഇങ്ങോട്ടു കൂട്ടികൊണ്ടുപോരാൻ പപ്പായും മമ്മിയും എന്റെകൂടെ വരണം." അവൾ രണ്ടും കല്പിച്ചു പറഞ്ഞു.

"കല്പനയാണോടീ, അപ്പനോട്?" മാത്തുക്കുട്ടി ഗൗരവത്തിൽ നോക്കിക്കൊണ്ടു ചോദിച്ചു.

"അല്ല. അപേക്ഷയാ. റോണിയെക്കൂടി പിടിവാശികൊണ്ട് ഇല്ലാതാക്കരുത്,"

മാത്തുക്കുട്ടി നിശ്ശബ്ദനായി നിന്നു, ആലോചിക്കുംപോലെ.

"ഞാൻ വരാം. പെട്ടെന്നു പോണം. എനിക്കു വേറെ ചില അത്യാവശ്യയാത്രകളുണ്ട്." അയാൾ പറഞ്ഞു.

മേരിക്കുട്ടിയും ഷേർലിയും പെട്ടെന്നു തയ്യാറെടുത്തുവന്നു.

ഷേർലിയുടെ കാറിലാണ് അവർ റോണിയെ സന്ദർശിക്കാനായി പോയത്. മകളുടെ അഭിപ്രായത്തിനു വഴങ്ങിയതിന്റെ തെല്ലൊരു ജാള്യം മാത്തുക്കുട്ടിയുടെ മുഖത്തുണ്ടായി.

പപ്പായും മമ്മിയും പെങ്ങളും അപ്രതീക്ഷിതമായി വീട്ടുമുറ്റത്തു കാറിൽ വന്നിറങ്ങിയപ്പോൾ സിറ്റൗട്ടിലെ കസേരയിലുണ്ടായിരുന്ന റോണി അന്ധാളിച്ചു. ഒരു രോഗിയെപ്പോലെ ക്ഷീണിതനായി കാണപ്പെട്ട അവൻ മെല്ലെ എഴുന്നേറ്റു.

"മോനേ.. റോണിമോനേ..." എന്നു വിളിച്ച് മേരിക്കുട്ടി അവനെ ചുറ്റിപ്പിടിച്ചു.

മാത്തുക്കുട്ടി വീട്ടിലേക്കു കയറാൻ തയ്യാറായില്ല. അയാൾ മുറ്റത്തുതന്നെ നിന്നു.

"എടാ.... നീ ഞങ്ങടെകൂടെ വീട്ടിലേക്കു വരണം. ഇവിടെ തനിച്ചു താമസിക്കണ്ട." മാത്തുക്കുട്ടി കനത്ത ശബ്ദത്തിൽ പറഞ്ഞു.

"ഇല്ലപ്പച്ചാ. ജീനായെ ആ വീട്ടിൽ കാലുകുത്താൻ പപ്പാ സമ്മതിച്ചില്ലല്ലോ. ഇപ്പോൾ അവളീ ലോകത്തില്ല. ഞാൻ തനിയെ അവിടെ വന്നു താമസിച്ചാൽ ജീനായുടെ ആത്മാവ് പൊറുക്കില്ല."

"അവളുടെ ആത്മാവ്! തേങ്ങാക്കൊല! നെനക്കു സൗകര്യമുണ്ടെങ്കിൽ വന്നാമതി. എല്ലാവരുംകൂടെ നിർബന്ധിച്ചതുകൊണ്ടുമാത്രം ഞാൻ നിന്റെ വാടകമുറ്റത്തു വന്നതാ." മാത്തുക്കുട്ടി അമർഷത്തോടെ പറഞ്ഞു.

"പപ്പാ... പ്ലീസ്... എന്തായിങ്ങനെയൊക്കെ പറയുന്നെ?" ഷേർലി അയാളുടെ മുമ്പിൽ കെഞ്ചി.

"കാറു തിരിക്കടീ. എനിക്കു പോണം." മാത്തുക്കുട്ടി കർക്കശനായി.

റോണിയെ ദീനമായി നോക്കി യാത്ര പറഞ്ഞ് മേരിക്കുട്ടിയും ഷേർലിയും കാറിനടുത്തേക്കു വന്നു.

(തുടരും)

ബാലനോവൽ 1

# പൊന്നിവനത്തിലെ കഴുത

നിഥിൻകുമാർ



ഒരുപാടു ദൂരം നടന്നുതളർന്നൊരു കഴുത, അടുത്തുകണ്ട മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കാനായി ഇരുന്നു.

"അയ്യോ! അമ്മേ, ഇനിയെത്ര ദൂരം കാണും?" കഴുത ചിന്തിച്ചു.

''വയ്യ... ഇനി നടക്കാൻ വയ്യായേ. ഗ്രാമം തേടി നടക്കാൻ തുടങ്ങിയിട്ട് രണ്ടു ദിവസം കഴിഞ്ഞു." നല്ല വിശപ്പും ദാഹവും കഴുതയ്ക്കു തോന്നി.

"ഞാൻ ഗ്രാമം കണ്ടെത്തും. എത്ര തളർന്നാലും.'' ശരീരത്തിന്റെ തളർച്ച കുറച്ചുനേരം മറന്നുകൊണ്ട് കഴുത മരത്തിന്റെ ചുവട്ടിൽനിന്ന് എഴുന്നേറ്റു ചുറ്റും നോക്കി.

"ഗ്രാമത്തിലേക്കുള്ള വഴിയിപ്പോൾ ആരോടാ ഒന്നു ചോദിക്കുന്നെ?"

അങ്ങനെ ചിന്തിച്ചുനിൽക്കുമ്പോൾ. ദൂരെനിന്നൊരു തുമ്പി വരുന്നത് കഴുത കണ്ടു.

"ങാ... ആ തുമ്പിയിങ്ങോട്ടാണ് വരുന്നത്. അവനോടുതന്നെ ചോദിക്കാം."

തുമ്പി അടുത്തെത്തിയതും അവന്റെ മുന്നിലേക്കു കയറി നിന്നുകൊണ്ട് കഴുത പറഞ്ഞു:

"ഒന്നു നിക്കണേ... പോകല്ലേ.'' ഒരു സംശയത്തോടെ തുമ്പി, കഴുതയെ ഉറ്റുനോക്കി.

''ഹും എന്തു വേണം, നിങ്ങൾ എന്തിനാണ് എന്റെ വഴി തടഞ്ഞത്?"

"ക്ഷമിക്കണം... ഒരു പ്രധാന കാര്യം അറിയാൻവേണ്ടിയായിരുന്നു."


''ഹും പറയൂ... എനിക്കു പോയിട്ടു ജോലിയുണ്ട്." തുമ്പി കുറച്ച് അഹങ്കാരത്തോടെ പറഞ്ഞു.

''എന്റെ പേര് ഡോസി. ഞാൻ പൊന്നിവനത്തിൽനിന്നുമാണു വരുന്നത്. എനിക്കു ഗ്രാമത്തിലേക്കുള്ള വഴിയൊന്നു പറഞ്ഞുതരുമോ?" ഡോസി വളരെ വിനയത്തോടെ ചോദിച്ചു.

"ഓ ഗ്രാമത്തിലേക്കു പോകാനാണോ? ഞാൻ ഗ്രാമത്തിൽനിന്നുമാണു വരുന്നത്. ആ വലിയ ആഞ്ഞിലിമരം കണ്ടോ?" തുമ്പി ദൂരെയുള്ള വലിയയൊരു ആഞ്ഞിലിമരത്തെ ചൂണ്ടി പറഞ്ഞു. ഡോസി അങ്ങോട്ടേക്കു നോക്കി.

"ആ മരത്തിന്റെ അടുത്തുനിന്നു നോക്കിയാൽ ഗ്രാമം കാണാം."

''നന്ദിയുണ്ട് ചങ്ങാതി.'' ഡോസി തന്റെ കൈകൾ കൂപ്പി. അതു കണ്ടപ്പോൾ തുമ്പിക്ക് ഇവനൊരു പാവമാണെന്നു



തോന്നി.

"മരത്തിന്റെ അടുത്തുകൂടി ഒരു ഇടവഴിയുണ്ട്... ആളുകൾ വരുന്ന വഴിയാണ്... ആ വഴി നടന്നാൽ ഗ്രാമത്തിന്റെ പ്രധാന കവാടത്തിനു മുന്നിലെത്താം."

ഡോസി സന്തോഷത്തോടെ നടക്കാൻ തുടങ്ങുംനേരം തുമ്പി വീണ്ടും പറഞ്ഞു:

''ഞാൻ പറഞ്ഞത് മറക്കരുത്... ആ വഴി ആളുകൾ വരുന്നതാണ്. നിന്നേ കണ്ടാൽ ഒന്നേൽ തല്ലിയോടിക്കും അല്ലേൽ പിടിച്ചുകൊണ്ടു പോകും."

തുമ്പി അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുകൊടുത്തു.

''ശരി കൂട്ടുകാരാ. നീ പറഞ്ഞത് എനിക്കു മനസ്സിലായി. പക്ഷേ, എനിക്കു ഗ്രാമത്തിലേക്കു പോയേ മതിയാകൂ. ആവശ്യം എന്റേതാണ്. സഹായത്തിന് ഒരുപാട് നന്ദി."

ഡോസി തുമ്പിക്കു നിറഞ്ഞൊരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് ദൂരെക്കണ്ട ആഞ്ഞിലിമരം ലക്ഷ്യമാക്കി നീങ്ങി.

"ഇത്രയും ദൂരം വന്നു. ഗ്രാമത്തിന്റെ തുമ്പത്തുവരെ വന്നു. ഇനി കാട്ടിലേക്കു തിരികെപ്പോകുന്നതു വിഡ്ഢിത്തമാണ്. വന്ന സ്ഥിതിക്ക് വിചാരിച്ചതൊക്കെ നടത്തിയിട്ടുമാത്രമേ മടക്കമുള്ളൂ. ചിലപ്പോൾ ഫലം കിട്ടിയാലോ?"

ഡോസി നടക്കുന്നതിന്റെ കൂട്ടത്തിൽ ചിന്തിക്കുന്നുണ്ട്. അവനു നന്നായി ദാഹം തോന്നി.

"ശ്ശോ.. തുമ്പിയോടു വെള്ളം കിട്ടുന്ന സ്ഥലത്തെപ്പറ്റി ചോദിക്കാൻ മറന്നു."

ആഞ്ഞിലിമരത്തിന്റെ അടുത്തെത്തിയ ഡോസി അമ്പരന്നുപോയി. ചെറിയ ഇടവഴിയെന്നു ചിന്തിച്ചത് അങ്ങ് കണ്ണെത്താദൂരം വരെ നീണ്ടുകിടക്കുന്നു...

"അയ്യോ! ഇനി ഇത്രയും ദൂരം കൂടിയുണ്ടോ?"

അവൻ ആഞ്ഞിലിമരത്തിൽ ചാഞ്ഞുനിന്നു. അല്പം കഴിഞ്ഞപ്പോൾ പതിയെ നടക്കാൻ തുടങ്ങി. അവന്റെ കണ്ണിൽ വാശി നിറഞ്ഞുനിന്നിരുന്നു.

എത്ര പ്രയാസപ്പെട്ടായാലും ഞാൻ ലക്ഷ്യം കാണുകതന്നെ ചെയ്യും.

കുറച്ചുദൂരം ചെന്നപ്പോൾ രണ്ടുമൂന്നു മനുഷ്യന്മാർ ഇടവഴി കയറി വരുന്നതു ഡോസി കണ്ടു.

അയ്യോ... ആ വരുന്നത് ആളുകൾ ആണല്ലോ. അവരെന്നെ കണ്ടാൽ പ്രശ്നമാണ്. എങ്ങോട്ടേലും പതുങ്ങിയിരുന്നേ പറ്റൂ.

പക്ഷേ, പകൽസമയം ആയതുകൊണ്ട് ചുറ്റും വെളിച്ചമുണ്ടായിരുന്നു. ഡോസി നോക്കുമ്പോൾ ഒരു മരത്തിൽ കുറേ വള്ളിച്ചെടികൾ പടർന്നുകിടക്കുന്നതു കണ്ടു.

അതു നല്ലൊരു സ്ഥലമാണ്. അവിടെ പതുങ്ങിയിരിക്കാം.

ഡോസി അങ്ങോട്ട് ഓടിച്ചെന്നതും "പടോ..." ഒറ്റവീഴ്ച. ബോധം വീണപ്പോൾ ചുറ്റും ഇരുട്ടായിരുന്നു.

"അയ്യോ! ഞാനിത് എവിടാണ്? എനിക്ക് ഒന്നും കാണാൻ പറ്റുന്നില്ലല്ലോ?"

ഡോസി ചുറ്റും നോക്കി. തന്റെ കാഴ്ച നഷ്ടമായെന്നു കരുതി കരയാൻ തുടങ്ങി. രണ്ടു കണ്ണുകളും അവൻ ഇടയ്ക്ക് തിരുമ്മി നോക്കി. പെട്ടെന്നാണ് അവന്റെ അടുത്തുകൂടി ഒരു വെളിച്ചം പറന്നുപോകുന്നതു കാണുന്നത്.

"അതൊരു മിന്നാമിനുങ്ങല്ലേ? ഓഹോ! അപ്പോൾ എന്റെ കാഴ്ച പോയതല്ല. രാത്രിയായതാണ്." ഡോസിയുടെ മുഖത്തു സന്തോഷം നിറഞ്ഞു. എന്നാൽ, പെട്ടെന്ന് അവൻ എന്തോ ചിന്തിക്കാൻ തുടങ്ങി.

"ശരിക്കും എനിക്ക് എന്താണു പറ്റിയത്?"

അവൻ ഓർത്തുനോക്കി. എന്തൊക്കെയോ കാര്യങ്ങൾ ഡോസിക്കു മനസ്സിലായി. വൈകുന്നേരം രണ്ടു മൂന്ന് ആളുകളെ കണ്ടതും, അവർ കാണാതെയിരിക്കാൻവേണ്ടി വള്ളിച്ചെടികൾ നിറഞ്ഞ മരത്തിന്റെ അടുത്തേക്കു വേഗത്തിൽ ഓടിയതും തെറിച്ചുവീണതും ഡോസി ഓർത്തെടുത്തു. അങ്ങനെയോടി വീണതോ, ഒരു കുഴിയിലും. വീണപാടേ ഡോസിയുടെ ബോധം പോകുകയും ചെയ്തു.

(തുടരും)

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ഊട്ടുനേർച്ച

പദങ്ങളുടെ പരിണാമവഴികൾ അന്വേഷിക്കുന്നത് കൗതുകം പകരും. പലതരത്തിലുള്ള വികാരങ്ങൾ പദത്തിനുള്ളിൽ അന്തർലീനമായിരിക്കും. അവ കണ്ടെത്തുക ചിലപ്പോഴെങ്കിലും ശ്രമകരമാണ്. ഉൺ എന്ന ധാതുവിൽനിന്നാണ് ഊട്ട് എന്ന നാമരൂപം (കൃദന്തം) നിഷ്പന്നമാകുന്നത്. ഉൺ എന്ന ധാതു ആദ്യം ഊൺ (ഉൺ→ഊൺ) എന്നാകുന്നു. ഈ പ്രവണത ഉപധാ എന്ന പേരിൽ അറിയപ്പെടുന്നു. ഉപം എന്നാൽ ഉപാന്ത്യം അഥവാ ഒടുവിലത്തേതിനു മുമ്പുള്ളത് എന്നർഥം. കെട് എന്ന ധാതുവിന്റെ ഒടുവിലത്തെ സ്വരം സംവൃതോകാരമാണ്. (ട്ː) അതിനുമുമ്പുള്ള സ്വരം എ(കെ) ആണ്. ആ സ്വരം ദീർഘിപ്പിച്ചാൽ കെട് ധാതു കേട് എന്ന നാമമാവും. പെറ് – പേറ്; തിന് – തീന്; എറ് – ഏറ്; ;ചുട് – ചൂട് എന്നിങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കണ്ടെത്താം. "ചിലേടത്തുപധാദീർഘം/ വിശേഷപ്രത്യയങ്ങളും" (കാരിക, 159) എന്നിങ്ങനെ കേരളപാണിനി ഇതിന് നിയമവും ചെയ്തിട്ടുണ്ട്.*

ഉപധാദീർഘനയമനുസരിച്ച് ഉൺ എന്ന ധാതു ഊൺ എന്നാവും. അതിനുശേഷം ഖരാദേശവും (മൂർധന്യാദേശം) ദ്വിത്വവും സംഭവിച്ച് ഉൺ, ഊട്ട് എന്ന് രൂപാന്തരപ്രാപ്തി നേടുന്നു. ഉൺ →ഊൺ → ഊട് → ഊട്ട് എന്നിങ്ങനെ ഈ മാറ്റത്തെ അടയാളപ്പെടുത്താം. ഊട്ടിന് ചോറ് (ഭക്ഷണം) എന്നു പ്രാഥമികാർഥം. ഊട്ട് നാമമായും വിശേഷണമായും വരാം. ഉദാ. കാളിയൂട്ട്, ഊട്ടുനേർച്ച.

ഊട്ടുനേർച്ച ഒരു സമസ്തപദമാണ്. ഊട്ട്, നേർച്ച എന്നീ വിശേഷണവിശേഷ്യങ്ങൾ സമാസിക്കുമ്പോൾ, സംവൃതോകാരത്തെ വിവൃതോകാരമാക്കി ചേർത്തെഴുതണം. ഊട്ടുനേർച്ച എന്നതാണ് ശരിയായ സമസ്തപദം. ഊട്ട്നേർച്ച എന്നെഴുതരുത് എന്നാണ് ഇവിടെ അർഥമാക്കിയത്. ഊട്ട് അഥവാ ഊണ് വഴിപാടായി നടത്തുന്ന നേർച്ചയാണല്ലോ ഊട്ടുനേർച്ച.

* രാജരാജവർമ്മ, ഏ.ആർ. സംശോധനം, ചെങ്കൽ സുധാകരൻ, മാളുമ്പൻ പ്രസിദ്ധീകരണം, 2024, പുറം – 263.

---

കവിത

കെ.എസ്. സോമശേഖരൻ

# പ്രതീക്ഷകളുടെ നാമ്പുകൾ

കാഴ്ചകളുടെ ചിറകുകൾ മുളയ്ക്കുന്നത്
എവിടെനിന്നാണ്,
സ്വപ്നത്തിന്റെ വേരുകൾ പിറക്കുന്നത്
എവിടെനിന്നാണ്,

ഇരുണ്ടുമൂടിയ ഗതകാലങ്ങളിൽ,
കനൽമൂടിയ അന്ധവനങ്ങളിൽ,

കരിഞ്ഞുണങ്ങിയ തരുണയൗവനങ്ങൾ
വെടിയേറ്റു വീഴുന്ന
യുദ്ധഭൂമികളിൽ നിന്നാകാം...

എവിടെനിന്നായാലും
പ്രതീക്ഷകൾ അസ്തമിക്കുന്നിടത്ത്
കാഴ്ചകൾ നിലയ്ക്കുന്നു.

ഇനിയൊരു സ്വപ്നവസന്തം പിറക്കാൻ
തളിരിലകൾ മുളയ്ക്കാൻ എത്ര കാക്കണം...?
എവിടെത്തിരയണമിന്നു ഞാൻ...?

# ഈ നിമിഷം - ഒരു ദിവ്യദാനം



ജോസ് വഴുതനപ്പിള്ളി

**നാം** നിരന്തരം നെഞ്ചോടു ചേർക്കേണ്ട ഒരു സാംസ്കാരിക ചിന്ത ഇതാവണം: കടന്നുപോകുന്ന ഓരോ നിമിഷവും നാം ചിന്തിക്കണം, ഈ നിമിഷം എനിക്കു ദൈവം തന്നിരിക്കുന്ന ദിവ്യദാനമാണ്. നഷ്ടപ്പെടുത്താതെ ആ നിമിഷത്തിന്റെ സൗഭാഗ്യം നാം ഉൾക്കൊള്ളണം. അനുനിമിഷം നമ്മുടെ കൺമുമ്പിൽ മിന്നിമറയുന്ന മഹത്തായ കൊച്ചുകൊച്ചു കാര്യങ്ങൾ നാം കാണാതെ പോകരുത്. ഒരു ക്ലിപ്ത സമയം കഴിയുമ്പോൾ എന്റെ ജീവിതത്തിലേക്ക് ആലിപ്പഴം പോലെ കുറെയേറെ സന്തോഷം തനിയെ പെയ്തിറങ്ങും എന്നാണോ നിങ്ങൾ ധരിച്ചുവച്ചിരിക്കുന്നത്? ആനന്ദം ഒരു ലക്ഷ്യസ്ഥാനമല്ല; മറിച്ച്, അതൊരു നിരന്തരമായ യാത്രയാണ്. കാഴ്ചപ്പാട് നാം മാറ്റണം; ചുറ്റുമുള്ള പോരായ്മകളിൽനിന്ന് ദൃഷ്ടികേന്ദ്രം മാറ്റി ഈ നിമിഷത്തിന്റെ ആസ്വാദ്യമായ കാര്യങ്ങളിലേക്കു പോകണം. ഒരു നല്ല ഗാനത്തിന്റെ ഈണം കേട്ടാൽ അതു ശ്രദ്ധിക്കണം, ഒരു കുഞ്ഞിന്റെ കൊഞ്ചലുകൾ കാണുമ്പോൾ അതു നോക്കിനിൽക്കണം. അങ്ങനെ ക്രിയാത്മകമായ വീക്ഷണം പരിപോഷിപ്പിച്ചെടുത്താൽ ജീവിതം സന്തുഷ്ടമാകും.

**ജീവിതസപര്യയിൽ വരുത്തേണ്ട മാറ്റങ്ങൾ**

നിരന്തരമായ ഒരു സുഖസന്തുഷ്ട വികാരമല്ല ഈ തത്ത്വജ്ഞാനത്തിലൂടെ വന്നുചേരുക. ഓരോ ചെറിയ കാര്യങ്ങളിലും ഒരു സംതൃപ്തി നമ്മൾ കണ്ടെത്തണം. രാവിലെ ഒന്നു മുറ്റത്തേക്കിറങ്ങിയാൽ ഒരുപക്ഷേ പുൽച്ചെടികളിൽപോലും വിരിഞ്ഞുനിൽക്കുന്ന കൊച്ചുകൊച്ചുപൂക്കൾ കാണാം. പടിഞ്ഞാറുനിന്ന് ഒഴുകിവരുന്ന കാറ്റിന് ഒരു സൗരഭ്യം ഉണ്ടാവും. രാവിലെ കുടിക്കുന്ന കാപ്പിക്ക് ഒരു നറുമണം കാണും. നമ്മുടെ നാവിന്റെ അറ്റത്തെ ടേസ്റ്റ് ബഡ്സ് ഒന്ന് ഒരുക്കിനിർത്തി കാപ്പിപ്പാത്രം കുറച്ചുസമയം കൈയിൽ പിടിക്കാം. പിന്നെ മെല്ലെ നമ്മുടെ ആസ്വാദനത്തെ അതിന്റെ പാരമ്യത്തിൽ എത്തിച്ചു മെല്ലെ മെല്ലെ കാപ്പി ഊതിക്കുടിക്കണം. അങ്ങനെ തുടങ്ങുന്ന ദിവസത്തിന് ആസ്വാദ്യമായ ഒരു ഭാവത്തിന്റെ ഒലികൾ സൃഷ്ടിക്കാനാകും. ഇതു വെറും ഒരു ഉദാഹരണം മാത്രം. മറ്റു പലേ വഴിക്കും നമുക്കു ദിവസത്തിന്റെ പ്രാരംഭം കുറിക്കാം.

റൂസ്‌വെൽറ്റിന്റെ ഒരു വാക്യമുണ്ട്: "ഇന്നലെ എന്നത് ചരിത്രം. നാളെ എന്നതു നമുക്ക് അജ്ഞാതമായ ഒരു നിഗൂഢരഹസ്യം. ഇന്ന് എന്നുള്ളത് നമ്മുടെ ദിവ്യദാനമാണ്." നൈമിഷികജീവിതത്തിന്റെ കാതലും സാരാംശവും ഈ വാക്കുകൾ ഉൾക്കൊള്ളുന്നു.

**ചില അനുഭവങ്ങൾ**

അനേകം വശ്യമായ ക്രിസ്തീയഗാനങ്ങളുടെ രചയിതാവ് ഷാജി തുമ്പേച്ചിറയിലച്ചൻ തന്റെ ബാല്യകാലത്തെ ഒരനുഭവം പറയുന്നുണ്ട്. ഒരു ഈസ്റ്റർ നാളിൽ പാതിരാക്കുർബാന കഴിഞ്ഞു വൈകി ഉറങ്ങാൻ കിടന്നു. വെളുപ്പിന് നാലുമണിയായപ്പോൾ 'ശൂ ശൂ'എന്നൊരു ശബ്ദം. പാമ്പിന്റെ ചീറ്റൽപോലെ. ചാടിയെഴുന്നേറ്റു നോക്കിയപ്പോൾ അടുക്കളയിൽ അമ്മ പാലപ്പം ചുടുകയാണ്. പാലപ്പത്തിന്റെ അരികു കരിയുമ്പോൾ പുറപ്പെടുന്ന നറുമണം അച്ചൻ മൂക്കിലേക്കു വലിച്ചുകയറ്റി. ഓടിച്ചെന്ന് ഒരപ്പം വാങ്ങി തിന്നപ്പോൾ തൃപ്തിയായി, സമാധാനമായി.

അതുപോലെ മലയാളിയുടെ പ്രിയഭക്ഷണമായ ബീഫ് ഫ്രൈ ഉണ്ടാക്കുമ്പോൾ അടുക്കളയിൽ നിന്നു പൊങ്ങുന്ന എരിപൊരിയൻ സുഗന്ധമുണ്ടല്ലോ, ഇതെല്ലാം നാസാരന്ധ്രങ്ങളിലൂടെ കയറി നമ്മുടെ ടേസ്റ്റ് ബഡ്സിനെ ഉത്തേജിപ്പിക്കുന്നു.

ഗർബ എന്നൊരു മനോഹരമായ നാടോടിനൃത്തത്തെക്കുറിച്ചു നിങ്ങളെല്ലാവരും കേട്ടിരിക്കും. നൃത്തത്തെ വേറിട്ടു നിർത്തുന്നത് അതിന്റെ ഊർജ്ജസ്വലമായ ചുവടുകളാണ്. കൈയിലെ കോലുകൾ താളത്തിൽ പരസ്പരം അടിച്ചു വായുവിൽ ഉയർന്നുചാടി ചടുലമായി ചെയ്യുന്ന നൃത്തം ഹരം പിടിപ്പിക്കുന്നതാണ്. ചലനവേഗം ആദ്യമാദ്യം മെല്ലെയാണെങ്കിൽ പിന്നീട് അതിന്റെ ഉച്ചകോടിയിൽ എത്തും. മദ്ദളത്തിന്റെയും പെരുമ്പറയടിയുടെയും ഉയർന്നു പൊങ്ങുന്ന ശബ്ദം കൊണ്ട് അന്തരീക്ഷം ശബ്ദായമാനമാകും. ബീറ്റുകൾ,താളങ്ങൾ ശക്തമായതും ഹൃദയസ്പന്ദനം കൂട്ടുന്നവയുമാണ്. അതിനു ചേരുംവിധം അനുരഞ്ജനപ്പെട്ടുകൊണ്ടാണു നൃത്തച്ചുവടുകൾ!

ഒരിക്കൽ അവരുടെ നൃത്തം കാണാൻ നമ്മുടെ നാട്ടിലെ ഒരു അമ്മച്ചി പോയി. നൃത്തച്ചുവടുകൾ ചൂടുപിടിച്ചപ്പോൾ കാലിന്റെ പെരുവിരലിൽ ഒരു രോമാഞ്ചം ഉളവായി, ഹൃദയമിടിപ്പു വർധിക്കുവാൻ തുടങ്ങി. അതോടെ നമ്മുടെ അമ്മച്ചി കസേരയിൽ നിന്നു ചാടിയെഴുന്നേറ്റ് ഓടിച്ചെന്ന് അവരോടൊപ്പം നൃത്തച്ചുവടുകൾ വയ്ക്കാൻ തുടങ്ങി.

> കടന്നുപോകുന്ന ഓരോ നിമിഷവും ആസ്വദിക്കുവാനുള്ള ഒരു കലയാണ് ജീവിതം. നിത്യജീവിതത്തിന്റെ സംഘർഷങ്ങൾക്കിടയിൽ നമുക്കു സംതൃപ്തി പലപ്പോഴും ലഭിക്കാതെ പോകുന്ന അനുഭവമുണ്ടാകാം. അതൊന്നും സാരമില്ല. ഇപ്പോൾ നമുക്കു ലഭിക്കുന്ന മോഹനനിമിഷങ്ങൾ നഷ്ടമാക്കാതിരിക്കുന്നതാണ് ആ കല.

എന്തായിരുന്നിരിക്കണം അവരുടെ ചേതോവികാരം? ഇതാ ഇവിടെ തനിക്ക് ഒരിക്കലും മിസ് ചെയ്യാൻ താത്പര്യമില്ലാത്ത മഹാസംഭവം നടക്കുന്നു. ഈ നിമിഷം ഞാൻ ഇതിന്റെ ഭാഗമാകണം. ഇതാണ്, ഇപ്പോഴാണു ജീവിക്കേണ്ടത്. ഇത്തരം അനുഭവങ്ങൾ വരും, പോയിമറയും. ഒരുപക്ഷേ, മറ്റൊരു വർഷം തനിക്ക് ഇവിടെ വരാനും ഈ നൃത്തത്തിൽ പങ്കുചേരാനും ആയേക്കാം. പക്ഷേ, അതുവരെ കാത്തിരിക്കുക ബുദ്ധിയല്ല. ഇതാണ്, ഇതാണ് ആ നിമിഷം. എനിക്ക് ആനന്ദിക്കാനുള്ള ദിവ്യ നിമിഷം. ക്ഷണികമായ, അല്പായുസ്സുള്ള, പോയിമറയുന്ന ഈ നിമിഷത്തിന്റെ ഉടമയാകണം ഞാൻ!



മറ്റു നാടുകളെ അപേക്ഷിച്ച് നല്ല കാലാവസ്ഥയാണ് നമുക്കിവിടെ കേരളത്തിൽ ആ നല്ല കാലാവസ്ഥയെ നാം ആസ്വദിക്കണം. നല്ല നിമിഷങ്ങൾക്കായി നമുക്കു പുറത്തേക്കിറങ്ങേണ്ടതുണ്ട്. ഉദാഹരണത്തിന് പണ്ടൊക്കെ മലമ്പുഴയ്ക്കു പോയാൽ 'രാത്റാണി' പൂക്കളുടെ സുഗന്ധം വേണ്ടുവോളം ആവാഹിക്കാമായിരുന്നു. അതുപോലെ കോടമഞ്ഞിന്റെ സുഖം അനുഭവിക്കാൻ മൂന്നാറിലോ വാഗമണ്ണിലോ പോകണം. കടൽത്തിരകളുടെ മർമരം കേൾക്കാൻ ഏതെങ്കിലും കടൽത്തീരത്തേക്കു പോകണം. വനപ്രദേശങ്ങളിലൂടെ നടന്നാൽ പക്ഷികളുടെ കളകൂജനം കേൾക്കാം. കുരങ്ങന്റെ ചിരി കാണാം. കാട്ടരുവികളുടെ ഗർജനം കേൾക്കാം. അവിടത്തെ തണുത്തകാറ്റു ശരീരത്തെ തഴുകിപ്പോകുമ്പോൾ നമുക്ക് അതൊരു അതുല്യമായ സുഖം തരും. മരങ്ങൾക്കും ഒരു സുഗന്ധം പകരാനാകും. കാട്ടുപൂക്കൾക്കും ചിത്രശലഭങ്ങൾക്കും ചീവീടുകൾക്കും നമുക്ക് ആനന്ദം പകരാനായില്ലെങ്കിൽ ആ നിമിഷങ്ങൾ നാം നഷ്ടമാക്കി എന്നാണർഥം.

**ആസ്വാദനത്തിന്റെ തഴക്കം**

ആസ്വാദനത്തിന്റെ ഒരു ശീലം നാം വളർത്തണം. എങ്ങനെ നാം ഈ ലോകത്തെ നോക്കിക്കാണണം എന്നതാണു പ്രധാനം. ഒരു വ്യക്തി എന്ന നിലയ്ക്കു നാം നമ്മുടെ മനസ്സിന്റെ വാതിലുകൾ തുറക്കുന്നുണ്ടോ അതോ വെറും റോബോട്ടുകളായി മാറിയോ എന്നു നോക്കണം. നമ്മുടെ സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും പ്രണയിനിയെയും ഒക്കെ നാം ഈ ഉദാത്തമായ ചിന്താശൈലിയിലേക്ക് ഉയർത്തുന്നുണ്ടോ? ഒരു തമാശ ആരെങ്കിലും പറഞ്ഞാൽ നാം ചിരിക്കുമോ? ആ തമാശ ആരെങ്കിലുമായി പങ്കുവയ്ക്കുമ്പോൾ അത് ഇരട്ടിക്കും. ഇതേക്കുറിച്ചു പിന്നീട് ഒരിക്കൽ ആലോചിച്ചു ചിരിക്കാനായാൽ അതു വീണ്ടും ഇരട്ടിക്കും. കടന്നുപോകുന്ന ഓരോ നിമിഷവും ആസ്വദിക്കുവാനുള്ള ഒരു കലയാണ് ജീവിതം. നിത്യജീവിതത്തിന്റെ സംഘർഷങ്ങൾക്കിടയിൽ നമുക്കു സംതൃപ്തി പലപ്പോഴും ലഭിക്കാതെ പോകുന്ന അനുഭവമുണ്ടാകാം. അതൊന്നും സാരമില്ല. ഇപ്പോൾ നമുക്കു ലഭിക്കുന്ന മോഹനനിമിഷങ്ങൾ നഷ്ടമാക്കാതിരിക്കുന്നതാണ് ആ കല. ശരിയാണ്. ഇതെല്ലം മാഞ്ഞുമറിയുന്ന അനുഭവങ്ങളാണ്. മൂടൽമഞ്ഞും സൂര്യഗ്രഹണവും മഴവില്ലും ഒന്നും നീണ്ടുനിൽക്കുകയില്ല.

**പടർന്നുപിടിക്കുന്ന ആവേശം**

നാട്ടിലെ രീതികളും സംസ്കാരവും നമ്മുടെ വീക്ഷണത്തെ സാരമായി ബാധിക്കുന്ന കാര്യങ്ങളാണ്. ഉദാഹരണത്തിന്, ഗുജറാത്തികളെ എടുക്കാം. ലോകത്ത് ഏതു വിനോദകേന്ദ്രങ്ങളിൽ ചെന്നാലും ഒരു പറ്റം ഗുജറാത്തികളെ കാണാം. അവർ എപ്പോഴും കൂട്ടംകൂടി ലോകം ചുറ്റിനടക്കാൻ ഇഷ്ടപ്പെടുന്നവരാണ്. അതാണ് അവരുടെ സംസ്കാരം.

ചില നാട്ടുകാർ പൊതുവെ വലിയ തത്ത്വജ്ഞാനികളാണ്, ഗൗരവക്കാരാണ്. കൊച്ചുകൊച്ചു സന്തോഷങ്ങൾ ഉൾക്കൊള്ളാൻ അവർക്ക് ആവുകയില്ല. ഒരു പശുക്കിടാവിന്റെ തുള്ളിച്ചാട്ടം നോക്കിക്കാണാൻ ഒരു നിമിഷം കിട്ടാതെപോകും. മറിച്ച്, കൂടുതൽ ഇടപെടുന്ന, തുറവുള്ള സ്വഭാവക്കാരെങ്കിൽ നാം നമ്മുടെ സന്തോഷമുഹൂർത്തങ്ങൾ അവരുമായി പങ്കുവയ്ക്കും. ആ സന്തോഷത്തിന്റെ ആവേശം അങ്ങനെ പടർന്നുപിടിക്കും. ഉദാഹരണത്തിന്, ഒരു ഗാനമേള ആസ്വദിക്കാൻ കുറേപ്പേർ ഒത്തുചേരുന്നു. നല്ല നല്ല പാട്ടുകൾ കേൾക്കുമ്പോൾ പലരും ഒപ്പത്തിനു താളംപിടിക്കുന്നതു കാണാം. അതാണ് ഈ പകർച്ചയുടെ സ്വഭാവം. അതേക്കുറിച്ചു വീണ്ടും വിശകലനം ചെയ്യുമ്പോൾ ആ ആഹ്ളാദം ഇരട്ടിക്കുന്നതു കാണാം. നനഞ്ഞൊലിച്ചു മഴയത്തുകൂടി നടക്കുമ്പോൾ; കൂടെ നടക്കുന്നവരോടൊപ്പം നാം വിറകൊള്ളുമ്പോൾ, ആ തണുപ്പ് മനസ്സിലേക്ക് ഊറുമ്പോൾ ഒരു പ്രത്യേക അനുഭൂതിയാണ് അതു നമുക്കു തരിക. അത്തരം അനുഭൂതികളുടെ, കൊച്ചുകൊച്ചുസൗഭാഗ്യങ്ങളുടെ ആകത്തുകയാണു ജീവിതം. ■

കഥ

# തുഷാരബിന്ദു



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**ബാ**ങ്കുമാനേജരായി ചാർജെടുത്ത എന്റെ പൂർവ ശിഷ്യയെ ഒന്നു കാണണമെന്ന് ഉള്ളിലിരുന്ന് ആരോ വല്ലാതെ നിർബന്ധിച്ചതുകൊണ്ടാണ് വീട്ടിലേക്കു തിരികെപ്പോകുംവഴി വലത്തോട്ടുള്ള വളവുതിരിയാൻ ഞാൻ തീരുമാനിച്ചത്. മനസ്സാകെ കലങ്ങി കറുത്തിരുന്നെങ്കിലും ഓട്ടോറിക്ഷയിലിരുന്ന നേരമത്രയും അവളെക്കുറിച്ചുള്ള സ്കൂൾ ഓർമകൾ മിന്നാമിനുങ്ങുകളെപ്പോലെ പറന്നുവന്നു.

ഒമ്പതാംക്ലാസ്സിൽ ഞാനവളുടെ ക്ലാസ്സ്ടീച്ചറായിരുന്നു. പിറ്റേവർഷം നടക്കേണ്ടിയിരുന്ന എന്റെ സ്ഥലംമാറ്റം താത്കാലികമായി തടസ്സപ്പെട്ടതുമൂലം പത്താംക്ലാസ്സിൽ ഞാൻ അവളുടെ മലയാളം അധ്യാപികയായി. വലത്തുവശത്ത് മൂന്നാമത്തെ ബഞ്ചിൽ ചുവരിനോടുചേർന്നിരുന്ന ലേശം നീണ്ട മുഖമുള്ള പെൺകുട്ടി.

പഠിക്കാൻ അത്ര മിടുക്കിയായിരുന്നില്ലെങ്കിലും മുടങ്ങാതെ ക്ലാസ്സിൽ വന്നിരുന്ന അവൾക്ക് പുസ്തകങ്ങൾ ഒത്തിരി പ്രിയമായിരുന്നു. സഹപാഠികളേക്കാൾ കൂടുതൽ മനോഹരമായി പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും പൊതിഞ്ഞു വൃത്തിയായി സൂക്ഷിച്ചിരുന്നത് അവളായിരുന്നു.

കൂലിപ്പണിയെടുത്ത് കുടുംബം പുലർത്തിയിരുന്ന മാതാപിതാക്കളും, മൂത്തതും ഇളയതുമായി രണ്ടു സഹോദരങ്ങളുമടങ്ങുന്ന ഒരു സാധാരണകുടുംബമായിരുന്നു അവളുടേത്. അതുകൊണ്ടുതന്നെ അവളുടെ ജീവിതശൈലിയിൽ ലാളിത്യവും അടക്കവും ചിട്ടയുമുണ്ടായിരുന്നു.

പഠനകാര്യത്തിൽ കഠിനാധ്വാനിയായിരുന്നു. ചില ഇടവേളകളിൽ വീട്ടിലെ കഷ്ടതകളെപ്പറ്റി അവൾ എന്നോടു പറയുമായിരുന്നു.

ചിന്തകളുടെ ചക്രങ്ങൾ കറങ്ങിത്തിരിഞ്ഞത് ഞാനറിഞ്ഞതേയില്ല.

ഓട്ടോ ബാങ്കിന്റെ മുന്നിൽനിന്നു.

ഏറെ വർഷങ്ങൾക്കുശേഷം ഇന്ന് തമ്മിൽ കാണുകയാണ്. അവളെന്നെ തിരിച്ചറിയുമോ?

ഒന്നാം നിലയിലേക്കുള്ള പടികൾ കയറുമ്പോൾ മനസ്സ് ചോദിച്ചത് അതായിരുന്നു.

പ്യൂൺ, മാനേജരുടെ ക്യാബിൻ കാട്ടിത്തന്നു. തിരക്കില്ലാത്ത നേരം. കസേരയിൽ കംപ്യൂട്ടറിന്റെ മുമ്പിൽ മഞ്ഞയിൽ സ്വർണപ്പൂക്കൾ തുന്നിയ ചുരിദാറും പച്ചഷാളും ധരിച്ച്, കറുത്ത ഫ്രെയിമുള്ള കണ്ണട വച്ചിരിക്കുന്ന അവളുടെ മുഖം ചില്ലുവാതിലിലൂടെ ഞാൻ കണ്ടു.

തൊട്ടുമുകളിലായി സ്ഥാപിച്ചിരുന്ന നെയിംബോർഡ് ഞാൻ വായിച്ചു.

പഠനകാലത്ത് പുസ്തകപ്പൊതിച്ചിലുകൾക്കു മീതേ അവളെഴുതിയിരുന്ന പേര്!

'തുഷാര എസ്.എം.' ഒരു വ്യത്യാസംമാത്രം. എസ്.എം. എന്ന ഇനിഷ്യലിന് അവൾ പുതിയൊരു പൂർണരൂപം കൊടുത്തിരിക്കുന്നു: 'സീനിയർ മാനേജർ!'

ആ ഉദ്യോഗപ്പേര് അവളുടെ കഠിനാധ്വാനത്തിന്റെ സംഗ്രഹമായിത്തോന്നി.


അനുവാദത്തോടെ അകത്തുപ്രവേശിച്ച എന്നെ കണ്ടമാത്രയിൽ അവളെഴുന്നേറ്റ് ആശ്ചര്യപൂർവം കൈകൂപ്പിക്കൊണ്ട് വിളിച്ചു: "ബിന്ദുറ്റീച്ചറേ"

പിന്നെ മുന്നോട്ടുവന്ന് കുനിഞ്ഞ് എന്റെ പാദങ്ങൾ തൊട്ടുവന്ദിച്ചു.

തോളിൽ പിടിച്ച് അവളെ എഴുന്നേല്പിച്ചപ്പോഴേക്കും അവളുടെ കണ്ണട നനഞ്ഞിരുന്നു.

കസേരകളിലൊന്നിൽ എന്നെ ഇരുത്തിയിട്ട് സമീപം അവളുമിരുന്നു. കുറച്ചുനേരത്തേക്ക് ഞങ്ങൾ രണ്ടാളും ആ പഴയ ഇടവേളകളിലെ അധ്യാപികയും ശിഷ്യയുമായി.

കുശലാന്വേഷണങ്ങൾക്കിടയിൽ താൻ പിന്നിട്ട കനൽവഴികളിലെ കദനങ്ങളുടെ കഥ അവൾ പറഞ്ഞു: "പ്ലസ്ടുവിനു പഠിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ഒരപകടത്തിൽ എന്റെ വലത്തെ കണ്ണിനു സാരമായ മുറിവേറ്റു. ഏറെനാൾ ചികിത്സിച്ചെങ്കിലും ഗുണമുണ്ടായില്ല.



ക്രമേണ മുഴുവൻ കാഴ്ചയും നഷ്ടപ്പെട്ട ആ കണ്ണ് മാറ്റി പകരം ഒരു കൃത്രിമക്കണ്ണ് വയ്ക്കേണ്ടിവന്നു. പക്ഷേ, അതുകൊണ്ടൊന്നും ജീവിതത്തിൽ തോൽക്കാൻ എനിക്കു മനസ്സില്ലായിരുന്നു."

"കാഴ്ചയുള്ള ഒരു കണ്ണുംവച്ചുകൊണ്ട് പഠിച്ച് ഞാൻ ഡിഗ്രിവിദ്യാഭ്യാസവും പൂർത്തിയാക്കി. കല്യാണത്തിനായി മാതാപിതാക്കൾ കാര്യമായി ത്തന്നെ അന്വേഷിച്ചെങ്കിലും ഒന്നും ശരിയായില്ല. അല്ലേലും, ഒറ്റക്കണ്ണിയെ കെട്ടാനുള്ള ഔദാര്യം ആരു കാട്ടാൻ?

വളരെ ചുരുക്കമായി നടന്ന പെണ്ണുകാണൽ ച്ചടങ്ങുകൾ കണ്ണൊന്നില്ലെന്ന കാരണത്താൽ വെറും ചായസത്കാരങ്ങൾ മാത്രമായി."

"ഒടുവിൽ, സ്വർഗദൂതനെപ്പോലെ ഒരാളെത്തി. എന്റെ പൊട്ടക്കണ്ണ് അന്ന് അയാൾക്ക് ഒരു പ്രശ്നമായിരുന്നില്ല. ആ വിവാഹം എന്റെ ഭാഗ്യമായി എല്ലാരും കരുതി."

"പക്ഷേ, അധികം വൈകാതെ അയാളുടെ തനിനിറം പുറത്തുവരാൻ തുടങ്ങി. ലഹരിക്കടിമയും സാഡിസ്റ്റുമായിരുന്ന അയാൾ വർഷങ്ങളോളം മാനസികവും ശാരീരികവുമായി എന്നെ പീഡിപ്പിച്ചു. വീട്ടുകാര്യങ്ങളെക്കുറിച്ചോ കുഞ്ഞുങ്ങളെപ്പറ്റിയോ അയാൾക്ക് യാതൊരു ചിന്തയുമില്ലായിരുന്നു. എനിക്കുണ്ടായിരുന്ന ചെറിയൊരു ജോലിയുടെ തുച്ഛമായ വരുമാനംകൊണ്ട് കുടുംബം പുലർത്താൻ ഞാൻ നന്നേ പണിപ്പെട്ടു."

"എന്റെ ഒരു കണ്ണിലെ ഇരുട്ട് കാണാനുള്ള വെട്ടം അയാളുടെ ഇരുകണ്ണുകൾക്കും കിട്ടിയ ഒരു രാത്രിയിൽ ഞങ്ങളെ ഉപേക്ഷിച്ച് അയാൾ മറ്റൊരുവളുടെകൂടെ പോയി.

പക്ഷേ, അതുകൊണ്ടൊന്നും രണ്ടു കുഞ്ഞുങ്ങളുമായി ജീവനൊടുക്കാൻ എനിക്കു മനസ്സില്ലായിരുന്നു. കാരണം, ആത്മഹത്യയാണ് ജീവിതത്തിലെ ഏറ്റവും വലിയ തോൽവിയെന്ന് അപ്പോഴൊക്കെ മനസ്സാക്ഷിയിൽ മന്ത്രിച്ചുകൊണ്ടിരുന്നത് ടീച്ചറുടെ ഈ മുഖമായിരുന്നു."

"രാത്രികളിൽ വാശിയോടെയിരുന്നു പഠിച്ച് പല ടെസ്റ്റുകളുമെഴുതിയാണ് ഈ നിലയിലെത്തിയത്. ഇപ്പോൾ അമ്മയോടൊപ്പം എന്റെ വീട്ടിൽ താമസിക്കുന്നു. പെൺമക്കൾ പത്തിലും എട്ടിലും പഠിക്കുന്നു."

ഷാളിന്റെ തുമ്പുകൊണ്ട് അവൾ കവിൾത്തടം തുടച്ചു.

അവളുടെ കസേരയുടെ പിന്നിലെ ചുവരിൽ ബാങ്കിന്റെ പേരോടുകൂടി തൂങ്ങിക്കിടന്ന കലണ്ടറിൽ ചുവപ്പുമഷിയിൽ വലിയ കൈയക്ഷരത്തിൽ ആരോ കുറിച്ചിട്ട ഒരു വാചകം ഞാൻ ശ്രദ്ധിച്ചു: 'തലയുയർത്തി നടക്കുക. ഈ ലോകം നിന്റെയുംകൂടിയാണ്.'

അതിലേക്കു നോക്കിയിട്ട് അവൾ പറഞ്ഞു: "പത്താം ക്ലാസ്സിലെ അവസാനനാളുകളിൽ 'നിന്റെയും' എന്ന കവിത എഴുന്നേറ്റുനിന്ന് ചൊല്ലിയ എനിക്ക് ടീച്ചർ തന്ന ഉപദേശമാണിത്. അന്നുമുതലിന്നോളം ഞാൻ നേരിട്ട തിക്താനുഭവങ്ങളുടെ തീക്കട്ടകളിൽ ചവിട്ടി മുന്നേറാൻ എനിക്കു പ്രചോദനമായത് ഈ വാക്കുകളാണ്."

"തലയുയർത്തിയുള്ള ഈ നടത്തം തുടരട്ടെ. തളരരുത്. ഈ ലോകം നിന്റെയും നിന്റെ കുഞ്ഞുങ്ങളുടെയുംകൂടിയാണ്."

പ്യൂൺ കൊണ്ടുവന്ന ചായ കഴിച്ച് ഞാൻ എഴുന്നേറ്റപ്പോൾ ആദരവോടെ കൈകൂപ്പിനിന്ന എന്റെ പഴയ ശിഷ്യയോട് ഇത്രമാത്രം പറയാനേ എനിക്കു കഴിഞ്ഞുള്ളൂ.

ബാങ്കിൽ കാലിക്കസേരകളുടെ എണ്ണം കുറഞ്ഞു വന്നു.

പുതിയ മാനേജരെ പരിചയപ്പെടാൻ പലരും വെളിയിൽ കാത്തിരുന്നു.

കാൻസർ ബാധിതയാണെന്ന തളർത്തുന്ന തിരിച്ചറിവിൽ ജീവിതം അവസാനിപ്പിക്കാനായി വാങ്ങി ബാഗിൽ കരുതിയിരുന്ന വിഷക്കുപ്പി ബാങ്കിലെ ചവറ്റുകൊട്ടയിലിട്ട് വിധവയായ ഞാൻ പടികളിറങ്ങി.

മനസ്സിൽ ഒരു മഞ്ഞുതുള്ളി വീണപോലെ തോന്നി.

■

## നസ്രാണികളും കൊമ്പ്രേരിയകളും




ഗ്രന്ഥകർത്താ: ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി




ഒരു ഭക്തസംഘടനയെന്ന നിലയിൽ ദർശനസമൂഹാംഗങ്ങളുടെ ഉത്തരവാദിത്വങ്ങളും ഇതിനെ ഇതര ഭക്തസംഘടനകളിൽനിന്നു വേർതിരിക്കുന്ന ഘടകങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥം. പ്രസാധനം: മാർ ലൂയിസ് പബ്ലിക്കേഷൻസ്, എറണാകുളം വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില: ₹ 300

Deepanalam Weekly

RNI No : 16998/68
Vol. 58 No. 28 Date of Publication 11 September 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org